മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജനുവരി 2002

മാസിക






മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ
**88**-ാം ജന്മദിനത്തിൽ (ജനുവരി-**30**) പ. പിതാവിന് സഭാമക്കളുടെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ

പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



KORAH K. KORAH & FAMILY

STATEN ISLAND

NEWYORK



# മലങ്കരസഭ

ലക്കം 1, പുസ്തകം 58

ജനുവരി 2002





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 462940
e-mail: malankara@sancharnet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - .572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255



## വരിസംഖ്യ

**ഇന്ത്യയിൽ**

| | | |
|---|---|---|
| ഒറ്റപ്രതി | : | 5 രൂപ |
| ഒരുവർഷം | : | 60 രൂപ |
| 5 വർഷം | : | 300 രൂപ |
| 10 വർഷം | : | 600 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |


CONTENTS

# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 മലങ്കര അസോസിയേഷൻ സമാധാനത്തിനുള്ള........
- ഫാ. ഡോ. ജേക്കബ് കുര്യൻ

**പ്രഭാഷണവേദി**

6 സന്തോഷം എവിടെ എങ്ങനെ ലഭിക്കാം
- ഡോ. പുന്നൂസ് യു. പാണൂർ, തോട്ടയ്ക്കാട്

**പ്രാർത്ഥന**

11 സ്നേഹത്തിനുവേണ്ടി ദാഹിക്കുമ്പോൾ
- ബ്രദർ സ്ലീബാ ജോൺ, തൂത്തുക്കുടി

**കവിത**

29 മാർ യൂഹാനോൻ മാംദാന
- കെ. ഡാനിയേൽ, തട്ടാരമ്പലം

**പുസ്തകാസ്വാദനം**

30 സാന്ത്വന സ്പർശമായ 101 അമൂല്യ ചിന്തകൾ
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**ലേഖനങ്ങൾ**

8 വീണിതല്ലോ കിടക്കുന്നു ധരണിയിൽ..............
- ഫാ. എ. എം. വർഗീസ്, പന്തളം

22 അൽബേനിയൻ സഭ
- വർഗീസ് ജോൺ, തോട്ടപ്പുഴ.

28 കന്യകയുടെ നിയോഗം
- ജോഷി ബി. ജോൺ മണപ്പള്ളി

13 Pastoral Services Need Paramount........
*- K.M. Peter, Bangalore*

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, പഠനവേദി, പ്രതിമാസചിന്തകൾ, വാർത്തകൾ, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

# മലങ്കര അസോസിയേഷൻ: സമാധാനത്തിനുള്ള അവസാന അവസരം

**ഫാ. ഡോ. ജേക്കബ് കുര്യൻ**

2002 മാർച്ച് 20-ാം തീയതി പരുമലയിൽ വച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടുന്നതിന് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് കല്പന പുറപ്പെടുവിച്ചിരിക്കയാണ്. സഭ ഒന്നാണെന്നും, ഭരണഘടനയ്ക്ക് വിധേയമായിരിക്കുമെന്നും, സമാധാനമാണ് ഏകലക്ഷ്യമെന്നും ആത്മാർത്ഥമായി വിശ്വസിക്കുന്നവരും പറയുന്നവരും ഇതിനെ സമാധാനത്തിനുള്ള സുവർണ്ണാവസരമായി കാണുന്നു. വിട്ടുവീഴ്ചകളുടെ അനേക പടവുകൾ താഴേക്ക് ഇറങ്ങിക്കൊണ്ടാണ് പ. കാതോലിക്കാബാവാ അസോസിയേഷൻ നടപടികളിൽ നേതൃത്വം നൽകുന്നതെന്ന് അസോസിയേഷൻ സംബന്ധമായിറക്കിയ കല്പനകൾ തന്നെ തെളിവാണ്. ഒരു വിഭാഗം സഭാംഗങ്ങളുടെ വികാരങ്ങൾ വ്രണപ്പെട്ടുതന്നെയാണ് മേല്പറഞ്ഞ കല്പനകളിൽ ചില സ്ഥാനനാമങ്ങളും മറ്റും ഉപയോഗിക്കാഞ്ഞത്. പ. ബാവാതിരുമേനിയുടെ ആഗ്രഹത്തിനും സമാധാനാന്തരീക്ഷം സംജാതമാക്കുവാനുള്ള ത്യാഗപൂർവ്വമായ ശ്രമത്തിനും മുന്നിൽ, വ്രണപ്പെട്ട വികാരങ്ങളോടെയാണെങ്കിലും അനുസരണം കാണിക്കുന്ന സഭാമക്കളുടെ സന്മനസിനെ കഴിവുകേടായി ധരിക്കുകയില്ലെന്നു കരുതുന്നു. കോടതികൂടെ ഇടപെട്ട് നടത്തുന്ന ഈ അസോസിയേഷനിൽ സഹകരിച്ച് സഭയുടെ ഐക്യത്തിനും, സമാധാനത്തിനും സാക്ഷ്യത്തിനും സഹായകമായ തീരുമാനങ്ങൾ എടുക്കുകയാണ് ആവശ്യം. ഈ അവസരം ഉപയോഗിക്കാതെ പോയാൽ നമുക്കു നഷ്ടമാകുന്നത് തലമുറകളുടെ സഭാപരമായ ബന്ധങ്ങളായിരിക്കും. അതുകൊണ്ടുതന്നെ, 2002 മാർച്ച് 20-ാം തീയതിയിലെ അസോസിയേഷൻ സഭാസമാധാനത്തിനുള്ള അവസാന അവസരം ആയിരിക്കും.

അസോസിയേഷനുശേഷം വീണ്ടും കേസുകളുടെ നൂലാമാലകളിലേക്ക് ആണ് നാം വലിച്ചിഴയ്ക്കപ്പെടുന്നതെങ്കിൽ അതൊരു ദുരന്തമായിരിക്കും. അതുകൊണ്ട് അസോസിയേഷനിൽ പ. പാത്രിയർക്കീസ് ബാവായുടെയും പ. കാതോലിക്കാബാവായുടെയും സ്ഥാനങ്ങളെ സംബന്ധിച്ചും, പരസ്പര ബന്ധത്തെസംബന്ധിച്ചും, കൂടുതൽ വ്യക്തത നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രമേയങ്ങളായോ, ഭേദഗതികളായോ സമർപ്പിക്കപ്പെടുന്നത് അഭികാമ്യമായിരിക്കും. മേല്പറഞ്ഞ പ്രമേയങ്ങളും ഭേദഗതികളും നിലനിൽക്കുന്ന ഭരണഘടനയുടെയും, പ്രാബല്യത്തിലിരിക്കുന്ന സുപ്രീംകോടതി വിധികളുടെയും അന്തഃസത്തയ്ക്കനുസരണം ആയിരിക്കണം.


## മലങ്കരസഭ വരിസംഖ്യ

**ഇന്ത്യയിൽ**

ഒറ്റപ്രതി : 5 രൂപ
ഒരു വർഷം : 60 രൂപ
5 വർഷം : 300 രൂപ
10 വർഷം : 600 രൂപ.

*വിദേശത്തേക്ക്*

ഒരു വർഷം : 600 രൂപ.

## പരസ്യനിരക്കുകൾ

| | |
|---|---|
| Back Page (Colour) | 10000 |
| Back page (B/W) | 5000 |
| Front Inside | 3750 |
| Back Inside | 3500 |
| Full page | 3000 |
| Half page | 1750 |
| Quarter page | 1250 |
| Minimum | 750 |
| Favours Block (Stamp Size) | 300 |




# അസോസിയേഷൻ മാർച്ച് 20-ന് പരുമലയിൽ

ബഹു സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം 2002 മാർച്ച് 31-ന് മുൻപായി കൂടി മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കേണ്ടതുള്ളതിനാൽ, സുപ്രീംകോടതി നിയമിച്ച നിരീക്ഷകൻ ജസ്റ്റീസ് മളിമഠിന്റെ അംഗീകാരത്തോടുകൂടിയും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാഭരണഘടന 74-ാം വകുപ്പനുസരിച്ചും, മുൻ നടപടികളും ക്രമങ്ങളും അനുസരിച്ചും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഒരു യോഗം 2002 മാർച്ച് 20-ാം തീയതി പരുമല സെമിനാരിയിൽ വച്ച് കൂടുന്നതിന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കല്പന പുറപ്പെടുവിച്ചു.

28-11-2001 ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കര മെത്രാപ്പോലീത്തായാണെന്ന് തീരുമാനിക്കുക, മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി പുതുതായി തെരഞ്ഞെടുക്കേണ്ട 37 പട്ടക്കാരെയും 74 അയ്മേനികളെയും തെരഞ്ഞെടുക്കുക എന്നിവയാണ് പ്രധാന ആലോചനാ വിഷയങ്ങൾ.

മലങ്കര സഭാ ഭരണഘടന പ്രകാരം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിലുള്ള ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും പള്ളി ഇടവകകളിൽ നിന്നും നിയമാനുസരണം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാർക്കും അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുണ്ടായിരിക്കും. ഓരോ പള്ളി ഇടവകകളിൽ നിന്നും ഒരു പട്ടക്കാരനും കൂടാതെ അംഗങ്ങളുടെ സംഖ്യ അനുസരിച്ച് ഒന്നു മുതൽ പത്തു വരെ അയ്മേനികളുമാണ് തെരഞ്ഞെടുക്കപ്പെടുന്നത്.

പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചും, പ്രസിദ്ധപ്പെടുത്തുന്ന പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സംബന്ധിച്ചും, അസോസിയേഷൻ യോഗ നടത്തിപ്പു സംബന്ധിച്ചും, മറ്റും പരാതിയുണ്ടായാൽ അതു കേട്ടു തീരുമാനിക്കുന്നതിന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റ്, വ.ദി.ശ്രീ. കെ.സി. സഖറിയാ കോറെപ്പിസ്കോപ്പാ (മൂവാറ്റുപുഴ), ദി.ശ്രീ. വി.എം. ഗീവറുഗീസ് കത്തനാർ (മുൻ പ്രിൻസിപ്പൽ), ശ്രീ. എ.എം. തോമസ് (മുൻ കേന്ദ്രമന്ത്രി), ജസ്റ്റീസ് ശ്രീ. കെ. ജോൺ മാത്യു (മുൻ ഹൈക്കോടതി ജഡ്ജി), ശ്രീ. സി. കെ. കൊച്ചുകോശി ഐ.എ.എസ്. (മുൻ റവന്യു ബോർഡ് ഒന്നാം മെമ്പർ) അഡ്വ. എ. ഇസഡ് ജേക്കബ് എന്നിവർ അംഗങ്ങളായി ഒരു ട്രിബ്യൂണലിനെ അസോസിയേഷൻ പ്രസിഡണ്ട് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിയമിച്ചാക്കിയിട്ടുണ്ട്. പള്ളി ഇടവക യോഗം കൂടി തെരഞ്ഞെടുപ്പു നടത്തി തെരഞ്ഞെടുക്കപ്പെടുന്ന അസോസിയേഷൻ പ്രതിപുരുഷന്മാരുടെ ലിസ്റ്റ് 2002 ജനുവരി 29-ാം തീയതിക്കോ അതിനു മുമ്പോ അസോസിയേഷൻ സെക്രട്ടറിക്ക് ലഭിക്കത്തക്കവണ്ണം കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം-38 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റു വഴി അയച്ചു കൊടുക്കേണ്ടതാണ്.

# അറഫാത്തിന് ബേത്‌ലഹേമിൽ വിലക്ക്



വെസ്റ്റ് ബാങ്കിലെ രാമല്ലയിൽ 2001 ഡിസംബർ 24-ന് യാസർ അറഫാത്തിന്റെ ഓഫീസ് സന്ദർശിച്ച് പുറത്തു വരുന്ന ക്രൈസ്തവ സഭാദ്ധ്യക്ഷന്മാർ. ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസ് മൈക്കിൾ സാബായും (ഇടത്ത്) അർമേനിയൻ പാത്രിയർക്കീസ് ടോർക്കോം II മനൂഗിയാനും (വലത്ത്) മുൻ നിരയിൽ

*ജറുസലേം:* യേശുക്രിസ്തുവിന്റെ ജന്മസ്ഥലമായ ബേത്‌ലഹേമിൽ നടക്കുന്ന പാതിരാ കുർബാനയിൽ പങ്കെടുക്കാനുള്ള അവസരം പാലസ്തീൻ നേതാവ് യാസർ അറഫാത്തിന് നിഷേധിച്ച ഇസ്രയേലിന്റെ നടപടി ആഗോളതലത്തിലും ഇസ്രയേലിൽ തന്നെയും പ്രതിഷേധം ഉയർത്തിയതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. 1995 മുതൽ സ്ഥിരമായി ക്രിസ്തുമസ് രാത്രിയിൽ ബേത്‌ലഹേമിലെ പാതിരാ കുർബാനയിൽ സംബന്ധിച്ചുവരുന്ന യാസർ അറഫാത്തിന് ഇപ്രാവശ്യം ഇസ്രയേൽ യാത്രാനുമതി നിഷേധിക്കുകയായിരുന്നു. ഇസ്രയേലിന്റെ വിലക്ക് ലംഘിച്ചുകൊണ്ട് കാൽനടയായിപ്പോലും താൻ ബേത്‌ലഹേമിൽ എത്തുമെന്ന് യാസർ അറഫാത്ത് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇസ്രയേൽ സൃഷ്ടിച്ച കനത്ത സൈനിക ഉപരോധം ലംഘിക്കാൻ അദ്ദേഹത്തിനായില്ല. കഴിഞ്ഞ മാസം കൊല്ലപ്പെട്ട ഇസ്രയേൽ ടൂറിസം മന്ത്രി രെഹാവം സീവി

ശേഷം 34-ാം പേജിൽ

# പാർലമെന്റിൽ ഭീകരാക്രമണം

*ന്യൂഡൽഹി:* രാജ്യത്തെ ഞെട്ടിച്ചുകൊണ്ട് ഭീകരർ ഡിസംബർ 13-ന് ഇന്ത്യൻ പാർലമെന്റിനു നേരേ ചാവേർ ആക്രമണം നടത്തി. പാർലമെന്റിനുള്ളിൽ കടക്കാൻ കഴിയുംമുൻപു സുരക്ഷാ ഉദ്യോഗസ്ഥർ, ആക്രമണത്തിനു നേതൃത്വം നൽകിയ നാലു ഭീകരരെയും വധിച്ചു. ഇരുപതു മിനിറ്റു നീണ്ട ഏറ്റു മുട്ടലിൽ ഏഴു സുരക്ഷാഉദ്യോഗസ്ഥരും കൊല്ലപ്പെട്ടു.

പാർലമെന്റ് ആക്രമണത്തെ പ. കാതോലിക്കാ ബാവാ അപലപിച്ചു. ബാവായുടെ കല്പന പ്രകാരം പള്ളികളിൽ ഡിസംബർ 16 ഞായറാഴ്ച രാജ്യത്തിനു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.

# സന്തോഷം എവിടെ എങ്ങനെ ലഭിക്കാം?

ഡോ. പുന്നൂസ് യു. പാണൂർ, തോട്ടയ്ക്കാട്

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും അവനു സന്തോഷം ലഭിക്കുന്നതിനുവേണ്ടിയുള്ളതാണ്. അത് എങ്ങനെ ലഭ്യമാക്കാം? അനേക കോടി ആളുകൾ ഈ ലോകത്തു ജനിച്ചു ജീവിച്ചു മരിച്ചു പോയിട്ടുണ്ട്. എല്ലാവരും അവരുടെ ജീവിതസുഖത്തിനും സന്തോഷത്തിനും വേണ്ടി അനവരതം യത്നിക്കയും പലരും ആജീവനാന്തം യാതൊരു മനസ്സുഖവും സന്തോഷവും ലഭിക്കാതെ കടന്നു പോകയും ചെയ്തിട്ടുണ്ട്. അനേകർ സന്തോഷവാന്മാരായി ജീവിക്കയും മരിക്കയും ചെയ്തിട്ടുണ്ട്. ഈ ആനന്ദം അഥവാ സന്തോഷം എന്നാൽ എന്ത്? സന്തോഷം മാനസ്സികമായ ഒരു അവസ്ഥയാകുന്നു. അതു പലർക്കും നൈമിഷികമാണു താനും. സ്ഥായിയായ ആനന്ദം എങ്ങനെ ലഭിക്കാം എന്നതാണു പ്രശ്നം. സന്തോഷത്തിലേക്കു പ്രത്യേകമായ ഒരു മാർഗ്ഗം ഇല്ല. ഓരോരുത്തരും സന്തോഷത്തിനും ആനന്ദത്തിനും അവരവരുടെ ചുറ്റുപാടുകൾക്കനുസരണമായ ഓരോ മാർഗ്ഗങ്ങളെ സ്വീകരിക്കേണ്ടിയിരിക്കുന്നു.

അനേകരും പുറമേ സന്തോഷമുള്ളവരായി കാണപ്പെടുന്നുവെങ്കിലും അവരുടെ ഉള്ളിലേക്കു കടന്നാൽ പല വ്യഥകൾ കൊണ്ടും ഭാരങ്ങൾ കൊണ്ടും എപ്പോഴും മനസ്സു ചഞ്ചലിച്ചുകൊണ്ടിരിക്കുന്നതായി കാണാം. മനസ്സിന്റെ സന്തോഷമില്ലായ്മ പല വിധമാണു പ്രകടമാകുന്നത്. ചിലർ നിരാശ്ശരും ഭഗ്നാശയരുമാണ്, ചിലർ ക്ഷീണിതരാണ്, ചിലർ ആത്മഹത്യയുടെ വക്കു വരെ എത്താറുണ്ട്. ചിലരിൽ ശാരീരിക വേദനകളായും മനഃക്ഷീണം വെളിപ്പെടാറുണ്ട്.

സന്തോഷമില്ലായ്മയ്ക്കു പല കാരണങ്ങളും കാണാം. രോഗങ്ങൾ, പണ സംബന്ധമായ ബുദ്ധിമുട്ടുകൾ, ഭാര്യാഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും, അയൽക്കാർ തമ്മിലും, ബന്ധുക്കൾ തമ്മിലുമുള്ള രമ്യതയില്ലായ്മ, കലഹങ്ങൾ തുടങ്ങിയവ സന്തോഷമില്ലായ്മക്കു കാരണമാകാം. ഓരോരുത്തരുടേയും സന്തോഷക്കുറവിനു കാരണം ഓരോന്നായിരിക്കും.

എന്നാൽ മനുഷ്യൻ ആജീവനാന്തം ദുഃഖത്തിലും പ്രയാസത്തിലും കലഹത്തിലും കഴിയേണ്ടവനല്ല. ദുഃഖിക്കുന്നവർക്കും ഭാരപ്പെടുന്നവർക്കും സന്തോഷവും ആശ്വാസവും കണ്ടെത്തുന്നതിനുള്ള വഴികളുണ്ട്. അതിനുള്ള മാർഗ്ഗം എന്തെന്നു കർത്താവായ യേശു ക്രിസ്തു നമുക്കു കാണിച്ചു തന്നിട്ടുണ്ട്. യേശു ക്രിസ്തു വലിയൊരു മനഃശാസ്ത്രജ്ഞനും മാനസിക ചികിത്സകനുമായിരുന്നു. താൻ പറഞ്ഞു: ദുഃഖിക്കുന്നവരും ഭാരപ്പെടുന്നവരുമായ ഏവരുമേ എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.

ജീവിതത്തിൽ ലക്ഷ്യമില്ലായ്മയാണു പലരുടേയും സന്തോഷക്കുറവിന്റെ, വേദനകളുടെ, പ്രയാസങ്ങളുടെ, തെറ്റിദ്ധാരണകളുടെ, കലഹങ്ങളുടെ കാരണം. നമുക്കൊരു ലക്ഷ്യം ഉണ്ടായിരിക്കണം. അതുകൊണ്ടാണു കർത്താവു തന്റെ അടുക്കലേക്കു വരുന്നതിനു ജനത്തെ ക്ഷണിച്ചത്. ആശ്വാസവും സന്തോഷവും വേണമെന്നുള്ളവരുടെ ലക്ഷ്യം യേശുക്രിസ്തുവായിരിക്കണം. ആ ഉത്തമജീവിതമാതൃക അനുകരിക്കുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. സ്വയമായി ത്യജിക്കുവാൻ നാം മനസ്സുള്ളവരായിരിക്കണം. ത്യാഗം സന്തോഷത്തിന്റെ വലിയൊരു പടിയാണ്. മറ്റുള്ളവർക്കുവേണ്ടി സ്വന്ത സുഖങ്ങൾ ത്യജിക്കുവാൻ മനസ്സുള്ളവർക്കു സന്തോഷം കണ്ടെത്തുവാൻ പ്രയാസം കാണുകയില്ല. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാനും മറ്റുള്ളവരുടെ ഉയർച്ചയിൽ ആഹ്ലാദിക്കുവാനും നമുക്കു കഴിയണം.

കർത്താവു പറഞ്ഞു. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു". യേശുക്രിസ്തുവിന്റെ ജീവിതമാർഗ്ഗം പിന്തുടർന്നാൽ മാത്രമേ സത്യം കണ്ടെത്തുന്നതിനു സാധിക്കൂ. അങ്ങനെ സത്യത്തിൽ ചെന്നെത്തുന്നവർക്കു ജീവൻ ലഭിക്കും സംശയമില്ല. മഹാത്മാ ഗാന്ധിയുടെ ലക്ഷ്യം സത്യം കണ്ടെത്തുകയെന്നതായിരുന്നു. "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്നൊരു പുസ്തകംതന്നെ തന്റെ ആത്മകഥയായി അദ്ദേഹം രചിച്ചിട്ടുണ്ട്. ഈശ്വരൻ സത്യമാണെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. പക്ഷേ ആ സത്യം യേശു ക്രിസ്തുവാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. യേശു ക്രിസ്തുവിന്റെ ജീവിതമാർഗ്ഗം അനുകരണാർഹമാണെന്നു പലരും സമ്മതിക്കയും അനുവർത്തിക്കയും ചെയ്തിട്ടുണ്ട്. പക്ഷേ ആ മാർഗ്ഗം പൂർണ്ണമായി സ്വീകരിപ്പാനും അങ്ങനെ ജീവൻ പ്രാപിക്കാനും അനേകർക്കും കഴിയാതെ പോയിട്ടുണ്ട്.

*ജീവിതത്തോടുള്ള ശരിയായ സമീപന മാർഗ്ഗമാണു ക്രിസ്തു തന്റെ ജീവിതത്തിൽകൂടി കാണിച്ചുതന്നത്. തന്റെ ജീവിതം മറ്റുള്ളവർക്കു വേണ്ടിയായിരുന്നു. താൻ തന്നെക്കുറിച്ചു ചിന്തിക്കാതെ ലോകത്തിനുവേണ്ടി ജീവിച്ചു. പലവിധമായ പ്രയാസങ്ങൾ നിറഞ്ഞ ചുറ്റുപാടിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമയുടെയും പരമമായ ത്യാഗത്തിന്റെയും സന്ദേശവുമായി താൻ സഞ്ചരിച്ചു. ലോകത്തിനുവേണ്ടി തന്നെത്താൻ ജീവൻ ത്യജിക്കയൊണു ക്രിസ്തു ചെയ്തത്.*



നമുക്കു നമ്മുടെ ചിന്താവിഷയത്തിലേക്കു തിരിച്ചു വരാം. ഡോക്ടർ ജോൺ എ. ഷിന്തലർ എന്ന മഹാൻ മനുഷ്യന്റെ രോഗകാരണങ്ങളെക്കുറിച്ചു വളരെക്കാലം നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. നമുക്കുണ്ടാകുന്ന പല രോഗങ്ങൾക്കും കാരണം മനോവിഷമവും ആകുലചിന്തകളും ആണെന്നാണു അദ്ദേഹത്തിന്റെ നിഗമനം. അതിനു Emotionally induced Illness (ഇഐഐ) എന്നു പറയും.

ആകുല ചിന്തകൾ കൂടുന്നവർക്കാണു രോഗങ്ങളും കൂടുക. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ് (Sound mind in a sound body) എന്നൊരു ചൊല്ലുണ്ട്. അതു നേരേ മറിച്ചു പറയുന്നതാണു കൂടുതൽ ശരി. ആരോഗ്യമുള്ള മനസ്സുള്ളവർക്കു ആരോഗ്യമുള്ള ശരീരം" എന്ന്. ശരീരമനസ്സുകളും ആരോഗ്യവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിന്റെയും ആരോഗ്യം ഒരുപോലെ കാത്തുസൂക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. മനസ്സിന്റെ ആകുലത നീക്കിയാൽ ശാരീരിക രോഗങ്ങൾ പലതും താനെ നീങ്ങിക്കൊള്ളും.

നമുക്കുണ്ടാകുന്ന രോഗങ്ങൾ, ക്ഷീണം, തളർച്ച തുടങ്ങിയവ മനസ്സിന്റെ ക്ഷീണ ലക്ഷണങ്ങളാണെന്നു പറഞ്ഞുവല്ലോ. പലപ്പോഴും നമ്മുടെ ജീവിത രീതിയിൽ മാറ്റം വരുത്തിയാൽ ഇവയിൽ നിന്നു മോചനം കിട്ടും എന്നാണു ഡോ. ഷിന്തലർ പറയുന്നത്. നമ്മുടെ ജീവിത രീതിയിലും മറ്റുള്ളവരോടുള്ള മനോഭാവത്തിലും മാറ്റം വരുത്തണം. മനസ്സിനെ എല്ലാ ആകുല ചിന്തകളിൽ നിന്നും വിടർത്തി ജീവിക്കുവാൻ നാം അഭ്യസിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിലുള്ള ആശ്രയവും യേശുക്രിസ്തുവിലുള്ള വിശ്വാസവും ആകുലചിന്തകളിൽ നിന്നും തദ്വാരാ പലവിധ രോഗങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനു സഹായകമാണ്. പ്രയാസങ്ങളിൽ ദൈവം നമുക്കു തുണയായിരിക്കുന്നു എന്നു പൂർണ്ണമായി വിശ്വസിക്കയും ദൈവത്തിൽ ആശ്രയിക്കുകയും വേണം. "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ എന്ന് എപ്പോഴും നാം ഓർത്തിരിക്കണം. "യഹോവ എന്റെ ഇടയനാകുന്നു. (സങ്കീ. 23) തുടങ്ങിയ സങ്കീർത്തന ഭാഗങ്ങൾ ഉരുവിടുന്നതു ആശ്വാസപ്രദവും അനുഗ്രഹ പ്രദവും ആയിരിക്കും.

ജീവിതത്തോടുള്ള ശരിയായ സമീപന മാർഗ്ഗമാണു ക്രിസ്തു തന്റെ ജീവിതത്തിൽ കൂടി കാണിച്ചുതന്നത്. തന്റെ ജീവിതം മറ്റുള്ളവർക്കു വേണ്ടിയായിരുന്നു. താൻ തന്നെക്കുറിച്ചു ചിന്തിക്കാതെ ലോകത്തിനു വേണ്ടി ജീവിച്ചു. പലവിധമായ പ്രയാസങ്ങൾ നിറഞ്ഞ ചുറ്റുപാടിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമയുടെയും പരമമായ ത്യാഗത്തിന്റെയും സന്ദേശവുമായി താൻ സഞ്ചരിച്ചു. ലോകത്തിനു വേണ്ടി തന്നെത്താൻ ജീവൻ ത്യജിക്കയാണു ക്രിസ്തു ചെയ്തത്. സ്നേഹത്തിന്റെ ബാഹ്യ ലക്ഷണമാകുന്നു ത്യാഗം. ക്രിസ്തുവിന്റെ പരമമായ ത്യാഗം തന്റെ മനുഷ്യസ്നേഹത്തിന്റെ നിദർശനമാകുന്നു. സന്തോഷം ആഗ്രഹിക്കുന്നവർക്കു ക്രിസ്തുവിന്റെ ജീവിതമാതൃക എല്ലാ പ്രകാരത്തിലും അനുകരണാർഹമാകുന്നു. ●

## ബഥേൽ പ്രസ്ഥാനം

മാന്യ സ്നേഹിതരേ,

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപെട്ട ജനസഹസ്രങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങളിൽ അവരെ ആവുന്നത്ര സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1990-ൽ സ്ഥാപിച്ചതാണ് ബഥേൽ പ്രസ്ഥാനം. തമിഴ്നാട്ടിലും കേരളത്തിലുമായി പ്രസ്ഥാനത്തിന് ഇപ്പോൾ ഏഴു പ്രവർത്തന മേഖലകൾ ഉണ്ട്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി രക്ഷാധികാരിയും, സ്ഥാപകൻ ഫാ. ജേക്കബ് ഡാനിയേൽ പ്രസിഡന്റുമാണ്. എല്ലാ സ്ഥാപനങ്ങളിലുമായി അന്തേവാസികളും പ്രവർത്തകരുമായി 140 പേരുണ്ട്. പ്രതിവർഷം 20 ലക്ഷത്തോളം രൂപാ നിത്യച്ചെലവുകൾക്ക് ആവശ്യമാണ്.

1. **M.G.B. Karuna Centre. Karassery.** തമിഴ്നാട്ടിൽ കാരാശ്ശേരി എന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങളെ എടുത്തു വളർത്തുന്ന ഈ ബാലഭവനിൽ ഇപ്പോൾ 60 കുട്ടികൾ ഉണ്ട്. 1.M.G.B. Karuna Centre. A/c No:144, state Bank of India, Srivaikuntom. 2. M.G.B. Karuna Centre A/c No. 89/92 catholicate syrian bank Vallikody

2. **Bethel Snehabhavan Bethelpuri.** തമിഴ്നാട്ടിൽ അമ്പലം എന്ന ഗ്രാമത്തിൽ ബഥേൽപുരിയിൽ പാവപ്പെട്ട അനാഥ പെൺകുട്ടികളെ എടുത്തു വളർത്തുന്ന ഒരു ബാലികാ ഭവനം. ഇപ്പോൾ 20 കുട്ടികൾ ഉണ്ട്. A/c. NO.1117, state Bank of Travancore, Tirunnelveli.

3. **Bethel old age Home - Bethelpuri.** തമിഴ്നാട്ടിൽ ബഥേൽപുരിയിൽ പാവപ്പെട്ട വൃദ്ധ ജനങ്ങളെ സംരക്ഷിക്കുന്ന ഒരു അഭയഭവനം . ഇപ്പോൾ 20- പേരുണ്ട്. Bethel old Age Home, A/c. No: 4866, State Bank of Travancore. Tirunnelveli.

4. **M.R.M. Bethel Clinic Bethelpuri** മൈലപ്രാ വെരി. റവ. പി. ഐ. മാത്യൂസ് റമ്പാൻന്റെ ഓർമ്മക്കായി നടത്തപ്പെടുന്ന ഒരു സൗജന്യ ചികിത്സാ പദ്ധതി. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ആയിരക്കണക്കിനു പാവപ്പെട്ട രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. M.R.M. Bethel Clinic, A/c. No: 1140, State Bank of Travancore, Tirunnelveli.

5. **Bethel Charitable Trust, Mylapra, Pathanamthitta.** ബഥേൽ പ്രസ്ഥാനത്തിന്റെ മൈലപ്രായിലുള്ള സെൻട്രൽ ഓഫീസിൽ പ്രവർത്തിക്കുന്നു. പാവപ്പെട്ടവർക്ക് വിവാഹസഹായം, വിദ്യാഭ്യാസസഹായം, ചികിത്സാസഹായം, ഭവന നിർമ്മാണത്തിനുള്ള സഹായം മുതലായവ നല്കുന്നു അനേകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. Bethel Charitable Trust A/c. No:2875, State Bank of Travancore-Mylapra.

6. **Bethel Ashram Edathitta, Pathanamthitta** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പു ലക്ഷ്യമാക്കി ആശ്രമ ജീവിതം ആഗ്രഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നു. ആശ്രമത്തിൽ ഇപ്പോൾ 15 അംഗങ്ങൾ ഉണ്ട്. ഫോൺ: 0473 - 486095, 486395

7. **Bethel convent. Bethelpuri, Tamilnadu.** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പു ലക്ഷ്യമാക്കി സന്യാസിനികളാകാൻ ആഗ്രഹിക്കുന്നവരെ പരിശീലിപ്പിക്കുന്നു. Bethel Snehabhavan, Bethel old Age Home, M.R.M. Bethel clinic ഇവയുടെ പ്രവർത്തനങ്ങൾക്ക് Bethel Convent -ലെ സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു.

ബഥേൽ പ്രസ്ഥാനത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളെ സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾ അതാതു സ്ഥാപനങ്ങളുടെ പേരിലോ, Rev. Fr. Jacob Daniel, Bethel Central Office, Mylapra P.O, Pathanamthitta Pin-689671 എന്ന മേൽവിലാസത്തിലോ അയച്ചുതരണമേ.

ഫാ. ജേക്കബ് ഡാനിയേൽ, പ്രസിഡന്റ്

Advt.

# വീണിതല്ലോ കിടക്കുന്നു ധരണിയിൽ പാഠങ്ങൾ പഠിപ്പിച്ച പതനത്തിന്റെ പാർശ്വത്തിൽ ഏതാനും നിമിഷങ്ങൾ

ലേഖനം

**ഫാദർ. എ. എം. വർഗീസ് പന്തളം**

*മാറത്തടിച്ചു മുറ വിളിക്കുന്ന രാജ്യ സ്നേഹികൾ അബാലവൃദ്ധം സ്ത്രീപുരുഷ ഭേദ മെന്യേ ഒരുമിച്ചു കൂടി ഒരുമനപ്പെട്ട് ദൈവമേ! അമേരിക്കയെ രക്ഷിക്കണമേ എന്ന് മനസ്സു തകർന്ന് പ്രാർത്ഥിപ്പാൻ തുടങ്ങിയതായും ആരാധനയില്ലാതെ അടച്ചിരിക്കുന്ന ദേവാലയങ്ങൾ പോലും തുറന്ന് ആരാധിപ്പാനും ആളുകൾ കൂടി.*

അമേരിക്കയുടെ അഭിമാനസ്തംഭമായും ആഗോള വ്യവസായ വിപണികളുടെ സിരാകേന്ദ്രമായും ന്യൂയോർക്ക് മഹാനഗരത്തിൽ തലയുയർത്തി നിന്ന വേൾഡ് ട്രേഡ് സെന്റർ ചാരക്കൂമ്പാരമായി തകർന്നതിനു ശേഷം 54 ദിവസങ്ങൾ കഴിഞ്ഞ് ഈ ലേഖകൻ ഈ കഴിഞ്ഞ നവംബർ 6-ാം തീയതി ചൊവ്വാഴ്ച അതിന്റെ ചാരത്ത് എത്തി. തലയുയർത്തി നിന്ന കാലയളവിൽ രണ്ടു പ്രാവശ്യം അതിന്റെ നൂറ്റിപത്താം നിലയിൽ എത്തി ന്യൂയോർക്കു നഗരത്തിന്റെ മഹിമയും മനോഹാരിതയും കാണുവാൻ എന്നെ സഹായിച്ച ആ സെന്ററിന്റെ രണ്ടു ടവറുകളും അനുബന്ധകെട്ടിടങ്ങളും ഉരുകിയൊലിച്ച് ഉറഞ്ഞ് കരുവാളിച്ച് കരിംഭൂതം കണക്കെ അവശേഷിച്ചു കിടക്കുന്ന കാഴ്ച എന്റെ ചിന്താമണ്ഡലത്തിൽ ചിതറിപ്പിച്ച ചിന്തകളിൽ ചിലതുമാത്രമാണ് ലേഖനവിഷയം.

2001 സെപ്റ്റംബർ 11-ാം തീയതി ചൊവ്വാഴ്ച, ചൊവ്വുകെട്ട ഒരു ദിനമായി അമേരിക്കയ്ക്കു കൈമാറിയ സർവേശ്വരന്റെ ലീലകളെപ്പറ്റി ഭാവനകൾ കോർത്തിണക്കുവാൻ ലോകമൊക്കെയുമുള്ള ചിന്തകന്മാർക്ക് അവസരം അനുവദിച്ചു. അന്നത്തെ പ്രഭാതം പ്രഭാപൂരമായപ്പോൾ വേൾഡ് ട്രേഡ് സെന്ററിലെ വിവിധ ഭാഗങ്ങളിലേക്ക് ജോലിക്കുകയറിയ അൻപതിനായിരത്തോളം ആളുകളിൽ ആറായിരത്തി അഞ്ഞൂറു പേർ തിരിച്ചെത്തിയത് അവരുടെ വീടുകളിലേക്കായിരുന്നില്ല. അവർ തിരിച്ചെത്തിയത് തീരാദുഃഖത്തിന്റെ തീരങ്ങളിലേക്കായിരുന്നു.

അതിക്രൂരമായ ഭീകരാക്രമണത്തിന്റെ സമയം കുറേക്കൂടി കഴിഞ്ഞായിരുന്നുവെങ്കിൽ മരണസംഖ്യ ഗണ്യമായി കൂടുമായിരുന്നു. അങ്ങനെ ആ ചൊവ്വാഴ്ചയിൽ മക്കൾക്ക് അമ്മയപ്പന്മാരും അമ്മയപ്പന്മാർക്ക് മക്കളും ഭാര്യയ്ക്ക് ഭർത്താവും ഭർത്താവിന് ഭാര്യയും നഷ്ടപ്പെട്ടു. അരലക്ഷത്തിലധികം പേർ പണിയെടുക്കുന്ന ലോകവ്യാപാരകേന്ദ്രം ഭീകരരുടെ ആക്രമണംവഴി നിലം പൊത്തിയപ്പോൾ ആയിരമായിരങ്ങൾ കൊല്ലപ്പെട്ടുവെങ്കിലും ജീവന്മരണ പോരാട്ടത്തിനിടയിൽ അത്ഭുതകരമായി രക്ഷപെട്ടവരെപ്പറ്റി ചിന്തിക്കുമ്പോൾ ദൈവ പരിപാലനത്തിന്റെ വ്യാപാര കേന്ദ്രമായി അവിടം രൂപാന്തരപ്പെട്ടുവെന്നുള്ളത് ഒരു പ്രത്യേക ചിന്താവിഷയമല്ലേ?

ഏകദേശം രണ്ടു മാസം കഴിഞ്ഞാണല്ലോ ആ മണ്ണിനടുത്ത് നിൽക്കുവാൻ എനിക്ക് ഇടയായത്. കദനത്തിന്റെ കണ്ണീർക്കണങ്ങൾ മേഘക്കെട്ടുകളായി ആ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നുവോയെന്ന് തോന്നി. അഗ്നി ജ്വാലയിൽ വെന്തുരുകി മരിച്ചവരുടേയും വെമ്പലോടെ രക്ഷപെടുവാൻ ശ്രമിക്കുന്നതിനിടയിൽ കുടുങ്ങി മരിച്ചവരുടേയും വേദനാരോദനം അവിടെ മുഴങ്ങുന്നതായി തോന്നി, ബന്ധപ്പെട്ടവരുടെ കരച്ചിൽ പലഭാഗങ്ങളിൽ നിന്നും ഉയർന്നതിന്റെ മാറ്റൊലി അവിടുത്തെ കാറ്റിൽ ഇപ്പോഴും അലയടിക്കുന്നതായി തോന്നി. ചുറ്റുപാടും അവശേഷിച്ച കെട്ടിടങ്ങൾ കരിമുഖങ്ങളുമായി കരുത്ത് അറ്റുപോയവിധം കാണപ്പെട്ടു.

തകരുന്നതിന് മുൻപ് തങ്കക്കുടമായിരുന്ന മഹാമന്ദിരം ഇടിഞ്ഞും എരിഞ്ഞും തകർന്നടിഞ്ഞ വാർത്ത ലോകജനതയെ മുഴുവൻ താപത്തിന്റെ താഴ്വരയിലേക്കു കൊണ്ടുപോയി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പ്രതിവചിച്ചത് ഇപ്രകാരമാണ്. 2001, സെപ്റ്റംബർ 11 ലോകചരിത്രത്തിലും മാനവസമൂഹത്തിലും അന്ധകാരത്തിന്റെ ദിനമായി അവശേഷിക്കും.

വിമാനം ഇടിച്ചുണ്ടായ ആഘാതത്തിൽ വിമാനത്തിലെ പെട്രോൾടാങ്ക് പൊട്ടിത്തെറിച്ച് അഗ്നി ആളിപ്പടർന്നപ്പോൾ ട്രേഡ് സെന്ററിന്റെ മുകളിലത്തെ നിലകളിൽ നിന്നും താഴേക്കു ചാടിയ അനേകരുടെ ജഡങ്ങൾ ചിന്നിച്ചിതറി താഴെ തെരുവുകളിൽ കിടക്കുന്ന കാഴ്ചയെപ്പറ്റി ടൈം മാഗസിൻ റിപ്പോർട്ടു ചെയ്തിരുന്നത് ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെട്ടു. അഗ്നി ജ്വാലയിൽ ഉരുകിയും, എലിവേറ്ററുകളിൽ കുടുങ്ങിയും കെട്ടിടഭാഗങ്ങൾ ഇടിഞ്ഞു തലയിൽ വീണും ഉന്തിലും തള്ളിലും അകപ്പെട്ടും മുകൾ നിലകളിൽ നിന്നു താഴേയ്ക്കു ചാടിയും 2001 സെപ്തംബർ 11-ന് ജീവനും ജീവിതവും നഷ്ടപ്പെട്ടവരുടെ ചിത്രം ചിതകൊളുത്തിയ മനസുമായി മരവിപ്പിക്കുന്ന തണുപ്പിൽ ഏകദേശം അരമണിയ്ക്കൂറോളം ഞാൻ നിന്ന് നോക്കികണ്ടു.





ഉന്നതശീർഷനായി ഉയർന്നു നിന്നവനും തകർന്നു തരിപ്പണമായി കിടക്കുന്നവനും തമ്മിലുള്ള വ്യത്യാസങ്ങളുടെ വ്യാപ്തി കോർത്തിണക്കിയ തരിപ്പും നവംബറിലെ തണുപ്പും എന്റെ കണ്ണുകളിൽ വെള്ളം നിറച്ചു. മുൻപ് പിടലിപിറകോട്ടു മലർത്തി ആകാശത്തിലേക്കു നോക്കി ആസ്വദിക്കുവാനുണ്ടായിരുന്ന അതിസുന്ദര ദൃശ്യങ്ങൾക്കു പകരം തകർന്നടിഞ്ഞു തണുത്തുറഞ്ഞ കുറേ കറുത്ത കൂമ്പാരങ്ങളും രേഖകളും മാത്രം. കൂമ്പാരങ്ങൾ കോരിയെടുത്ത് ലോറികളിൽ ദൂരെ എവിടേക്കോ കൊണ്ടുപോകുന്ന കാഴ്ച കണ്ടപ്പോൾ ചാമ്പൽ കൂമ്പാരത്തിൽ എരിഞ്ഞും പൊരിഞ്ഞും തകർന്നും പോയ അരുമസഹോദരങ്ങളുടെ അസ്ഥികളെയോർത്ത് "അവർ തന്നസ്ഥികളിൽ-ചൊരിയണമേ മോദപ്പനിനീരെന്നാളും" എന്ന ഗാനമന്ത്രം മനസിൽ ആലപിച്ചുകൊണ്ട് 2001 നവംബർ 6-ാം തീയതി ചൊവ്വാഴ്ച ഉച്ചയോടെ അവിടെ നിന്നും മടങ്ങി. അന്ന് അവിടം സന്ദർശിക്കുവാൻ സാധിച്ചതിന്റെ വെളിച്ചത്തിൽ ആ ചൊവ്വ ഈ ലേഖകനെ സംബന്ധിച്ചിടത്തോലം ചൊവ്വുള്ളതായിരുന്നു.

അമേരിക്കയിൽ പുതിയ ആത്മീയ ചലനം: ഒന്നാംതരം ഹോട്ടലുകളും വിവിധ വ്യവസായശൃംഖലകളും വിനോദ കേന്ദ്രങ്ങളും പത്തോളം ആന്റിനാകൾ സ്ഥാപിച്ചിരുന്ന ടെലിവിഷൻ സംവിധാനങ്ങളും മറ്റനേകം സേവനസ്ഥാപനങ്ങളും എല്ലാം ഒറ്റയടിക്ക് ഒടിഞ്ഞും തകർന്നും പുകഞ്ഞും എരിഞ്ഞും ആയിരം പതിനായിരം മനുഷ്യരോടൊപ്പം മറഞ്ഞും മറിഞ്ഞും പോയ രംഗവും സമയവും അമേരിക്കയെ ഒരു പുതിയ ആത്മീയ ചലനത്തിന്റെ ചാലിലേക്ക് കൊണ്ടുവന്നു. മാറത്തടിച്ചു മുറ വിളിക്കുന്ന രാജ്യ സ്നേഹികൾ ആബാലവൃദ്ധം സ്ത്രീ പുരുഷ ഭേദമെന്യേ ഒരുമിച്ചു കൂടി ഒരുമനപ്പെട്ട് "ദൈവമേ! അമേരിക്കയെ രക്ഷിക്കണമേ" എന്ന് മനസ്സു തകർന്ന് പ്രാർത്ഥിപ്പാൻ തുടങ്ങിയതായും ആരാധനയില്ലാതെ അടച്ചിട്ടിരുന്ന ദേവാലയങ്ങൾ പോലും തുറന്ന് ആരാധിപ്പാൻ ആളുകൾ കൂടിയതായും ടൈംസ് മാഗസിൻ റിപ്പോർട്ടു ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു.

2001 സെപ്റ്റംബർ 14-ാം തീയതി വെള്ളിയാഴ്ച ദേശീയ പ്രാർത്ഥനാദിനമായി ആഹ്വാനം ചെയ്തുകൊണ്ട് സുപ്രസിദ്ധ സുവിശേഷകനായ ബില്ലി ഗ്ലഹാം വാഷിംഗ്ടണിൽ വിളിച്ചറിയിച്ച സന്ദേശം അമേരിക്കയ്ക്ക് മുന്നറിയിപ്പായിരുന്നു. "We need a spiritual renewal". "നമുക്ക് ഒരു ആത്മീയ ഉണർവ്വും പുതുക്കവും അത്യന്താപേക്ഷിതമായിരിക്കുന്നു. എന്നായിരുന്നു ബില്ലി ഗ്രഹാമിന്റെ സന്ദേശം. മനുഷ്യന്റെ മഹത്വത്തിൽ മാലിന്യവും മഹാലജ്ജയും കലർത്തിയ ദിവസമെന്ന് 2001 സെപ്റ്റംബർ 11-നെപ്പറ്റി പലരും പ്രസംഗിച്ചു.

മുന്നറിയിപ്പുകളുടെ മുനകൾ തറപ്പിച്ച് അമേരിക്കയെയും ലോകത്തെയും ദൈവം ഉണർത്തുകയാണെന്നു കരുതാം. അമേരിക്കയുടെ നാല് ആഭ്യന്തരവിമാനങ്ങൾ യാത്രയ്ക്കിടയിൽ റാഞ്ചിയെടുത്ത് രണ്ടെണ്ണം ട്രെയിഡ് സെന്ററിനു നേരെയും ഒരെണ്ണം സൈനിക സിരാ കേന്ദ്രമായ പെന്റഗണിനുനേരെയും മറ്റേത് വൈററ് ഹൗസിനു നേരേയും പറത്തി പരമനാശം വിതയ്ക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത ഭീകരന്മാരുടെ ശൗര്യവും ശക്തിയും നിനയ്ക്കുമ്പോൾ ഈ ലേഖകന്റെ മനസിൽ ഉയരുന്ന ശബ്ദം യിരമ്യാ പ്രവാചകന്റേതാണ്. വായനക്കാർ ശ്രദ്ധാപൂർവ്വം വായിക്കുക. ചിന്തിക്കുക. "ബാബേൽ ആകാശത്തോളം കയറിയാലും കോട്ട ഉയർത്തി ഉറപ്പിച്ചാലും ഞാൻ വിനാശകന്മാരേ അതിലേക്ക് അയയ്ക്കും എന്ന് യഹോവയുടെ അരുളപ്പാട്. (യിരമ്യാ. 51;53) വീണ്ടും യിരമ്യാവിന്റെ പ്രവചനം നമുക്ക് പ്രകാശം പകരുന്നു. "ഞാൻ ഏലാമിന്റെ മുഖ്യ ബലമായ അവരുടെ വില്ല് ഒടിച്ചുകളയും; ഞാൻ ഏലാമിന്റെ നേരേ ആകാശത്തിന്റെ നാലു ദിക്കിൽ നിന്നും നാലു കാറ്റു വരുത്തി, ഈ എല്ലാ കാറ്റുകളിലേക്കും അവരേ ചിന്നിച്ചു

പ്രതിമാസചിന്തകൾ XI

# വിപത്തുകൾക്കുള്ളിലെ വിജയവീഥികളെ കണ്ടെത്തുക

*ഗുരുജി*

കഷ്ടകാലവും വിപത്തും ഉണ്ടാവുമ്പോൾ ദുഃഖിക്കുന്നത് മനുഷ്യ സ്വഭാവമാണ്. മാറാരോഗം പിടിപെടുമ്പോൾ, ഏറ്റവും അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ അപ്രതീക്ഷിതമായി മരണമടയുമ്പോൾ, കുട്ടികൾ വഴിതെറ്റിപ്പോവുമ്പോൾ, ബിസ്സിനസ്സ് തകർന്ന് കടക്കെണിയിലാവുമ്പോൾ, പ്രതീക്ഷയോടെ നടത്തിയ വിവാഹബന്ധം പരാജയപ്പെടുമ്പോൾ എല്ലാം ദൈവം നന്മയ്ക്കായി വരുത്തുന്നു എന്നു പറഞ്ഞ് സമാധാനിപ്പിക്കാനാണ് സജ്ജനങ്ങൾ തുനിയുന്നത്. ദുഃഖത്തിന്റെ തീവ്രത കുറയ്ക്കാനും ദുഃഖം നിരാശയിലേക്കു വഴുതി വീഴാതിരിക്കാനും ഇത്തരം ആശ്വാസവാക്കുകൾക്ക് കഴിയും. എങ്കിലും കഷ്ടകാല സഹജമായ ദുഃഖവും നഷ്ടബോധവും സാധാരണക്കാരെ പിൻതുടരുന്നു.

എന്നാൽ എല്ലാ കഷ്ടകാലത്തിനുള്ളിലും അതിനു തുല്ല്യമായതോ അഥവാ അതിലും മെച്ചമായതോ ആയ ഒരു നല്ല കാലം ഒളിഞ്ഞിരിപ്പുണ്ട് എന്നതാണ് സത്യം. പ്രഥമ ദൃഷ്ട്യാ ഇതൊരു വിരോധാഭാസമായി തോന്നിയേക്കാമെങ്കിലും, ഈ തത്വം മനസ്സിലാക്കുന്നവർക്ക് ജീവിതം അർത്ഥപൂർണ്ണവും പ്രതീക്ഷാ ജനകവും ആകുന്നു.

അമേരിക്കയിലെ ടെക്സാസിലുള്ള ഹൂസ്റ്റൺ എന്ന സ്ഥലത്ത് ഈ തത്വം വളരെ വ്യക്തമായി പരീക്ഷിക്കപ്പെട്ട ഒരു സംഭവം ഉണ്ടായി. ഏതാനും വർഷങ്ങൾക്ക് മുമ്പ് ലോകത്തിലെ ആദ്യത്തെ ഏറ്റവും ആധുനികം എന്നു കരുതിയ ഒരു വലിയ സ്റ്റേഡിയത്തിന്റെ നിർമ്മാണം അവിടെ ആരംഭിച്ചു. പ്രതികൂലകാലാവസ്ഥയിലും പരിശീലനം നടത്തത്തക്കവണ്ണം സ്റ്റേഡിയത്തെ പൊതിഞ്ഞ് ഗ്ലാസ് കൊണ്ട് ഒരു മേൽ കൂരയാണ് പ്ലാൻ ചെയ്യപ്പെട്ടത്. പ്രൗഢ ഗംഭീരമായ സ്റ്റേഡിയത്തിന്റെ പണിപൂർത്തിയായപ്പോൾ, പക്ഷേ പ്രകൃതിദേവി തിരിച്ചടിച്ചു. എത്ര ശ്രമിച്ചിട്ടും ഗ്രൗണ്ടിൽ പുല്ലു വളരാത്ത സ്ഥിതിവിശേഷം ഉണ്ടായി. പ്രൊഫഷണൽ ഫുട്ബോളും ബേസ്ബോളും കളിക്കാൻ വളരെ കൊട്ടിഘോഷിച്ച് പടുത്തുയർത്തിയ സ്പോർട്സ് കോംപ്ലക്സ് ഉപയോഗശൂന്യമായി. കോടിക്കണക്കിന് ഡോളറിന്റെ താങ്ങാനാകാത്ത നഷ്ടം. എങ്കിലും അതിന്റെ പ്രായോജകർ നിരാശരായില്ല. ഓരോ ദൗർഭാഗ്യത്തിലും ഒരു ഭാഗ്യം ഒളിഞ്ഞിരിപ്പുണ്ട് എന്ന തത്വം ഉപയോഗിച്ച് ഈ പ്രശ്നത്തെ ഒരു പ്രായോഗിക പദ്ധതിയാക്കി മാറ്റിയെടുക്കാൻ അവർ തീരുമാനിച്ചു. പുൽത്തകിടിക്കു പകരം കൃത്രിമ പ്രതലങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ ആരംഭിച്ചു. ഈ പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് ലോകത്തിലെ പ്രസിദ്ധമായ സ്റ്റേഡിയങ്ങളിൽ കാണുന്ന ആസ്ട്രോടർഫ് (Astro turf) പ്രതലങ്ങൾ. പുൽത്തകിടിയുള്ള മൈതാനങ്ങളെക്കാൾ മെച്ചമാണ് ഇത്തരം കൃത്രിമ പ്രതലങ്ങൾ എന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ദൗർഭാഗ്യങ്ങളെ മുന്നോട്ടു കുതിക്കാനുള്ള സ്പ്രിംഗ് ബോർഡുകളായി ഉപയോഗിക്കുകയാണവർ ചെയ്തത്.

ഈ തത്വത്തെ സാധൂകരിക്കുന്ന ധാരാളം പ്രസ്താവനകൾ വേദപുസ്തകത്തിലുണ്ട്. "കഷ്ടകാലത്ത് നീ കുഴഞ്ഞു പോയാൽ നിന്റെ ബലം നഷ്ടപ്പെട്ടതു തന്നെ" എന്ന് സദൃശവാക്യങ്ങളിലൂടെ (24:10) ശലോമോൻ നമ്മെ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ നാം എന്താണെന്നും, എന്തു തരം സ്വഭാവമാണ് നാം വളർത്തിയെടുത്തിരിക്കുന്നതെന്നും നമ്മെ മനസ്സിലാക്കിത്തരുന്നത് വിപത്തുകളാണ്. ഒരു വ്യക്തിയുടെ ആന്തരിക സ്വഭാവം വെളിപ്പെടുന്നത് പ്രശ്നങ്ങളൊന്നുമില്ലാതെ ജീവിതം സുഖകരമായി മുന്നേറുമ്പോഴല്ല മറിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോളാണ്. കഠിനമായ പരീക്ഷണങ്ങളെ നേരിട്ട് ദുഃഖം സഹിക്കാതായപ്പോൾ യിരെമ്യാവ് ഒരിക്കൽ ദൈവത്തെത്തന്നെ ചോദ്യം ചെയ്തു. അപ്പോൾ ഒരു മറുചോദ്യമാണ് ദൈവം യിരമ്യാവിനോട് ചോദിച്ചത്. "കാലാളുകളോടു കൂടെ ഓടീട്ട് നീ ക്ഷീണിച്ചു പോയാൽ, കുതിരകളോട് എങ്ങനെ മത്സരിച്ചോടും?" (യിരമ്യാവ് 12:5). നിസ്സാരപ്രശ്നങ്ങളെ അഭിമൂഖീകരിക്കാൻ കഴിവില്ലാത്തവർക്ക് വലിയ പ്രശ്നങ്ങളെ നേരിടാൻ എങ്ങനെ ശക്തി ലഭിക്കും? ഒരു ക്രിസ്ത്യാനിയുടെ മേന്മ വെളിപ്പെടേണ്ടത് കഷ്ടപ്പാടിന്റെയും ദുരിതത്തിന്റെയും കൊടുംകാറ്റ് വീശുമ്പോഴാണ്. പ്രശ്നങ്ങളെക്കുറിച്ച് പരാതിപ്പെടാതെ അവയെ അതിജീവിക്കാനുള്ള ശക്തി നേടാനാണ് ദൈവം യിരമ്യാവിനെ ഉപദേശിച്ചത്. കഷ്ടകാലത്തിന്റെ ഒരു നല്ല വശം, ഏതു സാഹചര്യത്തിലും ശക്തമായി വളരാൻ ഇതു നമ്മെ സഹായിക്കുന്നുവെന്നതാണ്.

ഒരു വ്യക്തിയുടെ വിജയത്തെ അളക്കേണ്ടത് ജീവിതത്തിൽ അയാൾ കരസ്ഥമാക്കിയ സ്ഥാനമാനങ്ങളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് ആ നിലയിൽ എത്തുന്നതിനു തടസ്സമായി നിന്ന പ്രതിസന്ധികളെ അയാൾ എങ്ങനെ തരണം ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം. "നിങ്ങൾക്ക് വിജയിക്കണമെന്നുണ്ടെങ്കിൽ പരാജയങ്ങളുടെ തോത് ഇരട്ടിയാക്കണമെന്ന് ടോം വാട്ട്സൺ സർ എന്ന ചിന്തകൻ ഒരിക്കൽ പറഞ്ഞു എല്ലാ വിജയഗാഥകളുടെയും പിന്നിൽ പരാജയങ്ങളുടെ ഒരു വലിയ പട്ടിക തന്നെ ഉണ്ടെന്നുള്ളതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്ന യാഥാർത്ഥ്യം. ലോക പ്രശസ്തനായ ഒരു വ്യക്തിയുടെ ചരിത്രം ഇതാണ്. "21-ാം വയസ്സിൽ ബിസ്സിനസ്സിൽ പരാജയപ്പെട്ടു. 22-ാം വയസ്സിൽ നിയമനിർമ്മാണ സഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ തോറ്റു. 24-ാം വയസ്സിൽ പ്രിയപ്പെട്ട സഹധർമ്മിണിയുടെ മരണം. 27-ാം വയസ്സിൽ ഒരു മാനസ്സികാഘാതത്തിനു വിധേയനാകുന്നു. 34-ാം വയസ്സിൽ തെരഞ്ഞെടുപ്പിൽ വീണ്ടും പരാജയപ്പെടുന്നു. 45-ാം വയസ്സിൽ അമേരിക്കൻ സെനറ്റിലേക്കു നടന്ന മത്സരത്തിൽ പിന്നെയും പരാജയം. 47-ാം വയസ്സിൽ വൈസ് പ്രസിഡന്റാകാനുള്ള ശ്രമത്തിൽ പിൻ തള്ളപ്പെടുന്നു. 49-ാം വയസ്സിൽ സെനറ്റിലംഗമാകാനുള്ള ശ്രമത്തിൽ വീണ്ടും തോല്ക്കുന്നു. പക്ഷേ, 52-ാം വയസ്സിൽ അമേരിക്കൻ പ്രസിഡന്റായി വിജയിക്കുന്നു. ഈ മനുഷ്യനാണ് ഏബ്രഹാം ലിങ്കൺ." ഓരോ പരാജയത്തിന്റെയും ഉള്ളിൽ അതിലും വലിയ വിജയം ഒളിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കി, പിൻതിരിയാതെ, മുന്നോട്ടു കുതിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ ജീവിത വിജയം.

കഷ്ടകാലം നല്ല കാലത്തിനു വഴിയൊരുക്കുന്നുവെന്ന സത്യം പലപ്പോഴും നാം വിസ്മരിക്കുന്നു. വി. പൗലൂസ് എബ്രായർക്കു എഴുതിയ ലേഖനത്തിൽ (12:11) പ്രസ്താവിച്ചു. "ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല, ദുഃഖകരമത്രേ എന്നു തോന്നും; പിന്നെത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും. ആകയാൽ തളർന്ന കയ്യും കുഴഞ്ഞ മുഴങ്കാലും നിവിർത്തുവീൻ." തന്നെ വിശ്വസിക്കുന്നവർക്ക്, പ്രഥമ ദൃഷ്ട്യാ ദോഷമെന്നു തോന്നുന്ന പല സാഹചര്യങ്ങളെയും ദൈവം ഗുണകരമാക്കിതീർക്കുകയാണ് ചെയ്യുന്നതെന്ന്, ജയിൽവാസത്തിൽ നിന്നും അടിമത്വത്തിൽ നിന്നും ഈജിപ്റ്റിന്റെ ഭരണാധികാരിയായി ഉയർന്ന ജോസഫിന്റെ ജീവിതം (ഉല്പത്തി 50:20) നമ്മേ പഠിപ്പിക്കുന്നു. ഇപ്പോൾ ദോഷകരമായി തോന്നുന്ന സാഹചര്യങ്ങളെ ദൈവം ഗുണകരമാക്കി മാറ്റുന്നതു കാണാൻ വിശ്വസ്തതയോടും ക്ഷമയോടും പ്രാർത്ഥനയോടും കാത്തിരിക്കാൻ നിങ്ങൾ തയ്യാറാണോ?



# Pastoral services Need Paramount Priority Now

**K.M. PETER, BANGALORE**

Psalm Twenty third is very famous, it tells how the Great Shepherd looks after the sheep while they graze in the open meadow. The shepherd makes the sheep to lie down in green pastures and He leads them to still waters. He carries with him the staff and wades away wolf and other wild beasts. The weak and crippled are being carried and well protected in His arms. What a wonderful pastoral care and prtection the sheep get.

Malankara Sabha is an Apostolic and Episcopal church and our history goes back to St. Thomas, the Apostle of Jesus Christ. Since time immemorial we have been having a well established parish system with Bishops and Vicars as the spiritual leaders. From the past, candidates for priesthood were selected from families of some social recognition. As such, our priests were generally educated, enlightened and socially approved ones. There was no regular salary system in olden days. Generally our vicars were rendering honorary religious services with the exception of accepting some revenue that the may get in the course of their church services.

In the background mentioned above, the priests were whole-heartedly accepted by the parishieners as the authority for all religious matters, as a "guru" or well learned person for seeking advice, and above all a social leader who could be depended upon in any eventuality. In short, our Priests had commanded all respects and reverence from their folk. Corollary to that, the priests became the focal point for the parishieners and automatically they had to maintain a social distance from their people to upkeep their dignity and decorum. The vicar was helpful to the members ouly if he was approached with any problem. His socially elevated position stood against his becoming too liberal a person, going from house to house. This system continued in our Sabha for a long time and still it is being practised atleast by the older generation of our priests, especially in Kerala.

### Social Changes and the Impacts

Due to the impact of various factors, our age old joint family systems have been shattered paying way to modern nuclear families.The division and fragmentation of landed property had caused many to go out in search of suitable job for their livlihood. Where they had succeeded in getting jobs, they started settling down, if it was possible. Their children born are quite alien to the culture and practices of their parental homeland. In education, wealth, and social status this new generation out-classed many. They started accepting spouces from out side our group and faith. All these changed situation warrant a new out look in our church set up as such.

(ശേഷം 21-ാം പേജിൽ)

**WANTED GROOM**

Proposals invited for an Orthodox girl 24 years, 157 c.m., slim, medium complexion, College lecturer, UGC passed rank holder, B.Ed., doing research, belongs to an aristocratic family, from parents of well placed orthodox professionals in central Travancore.

**Box. No. 266**
**Malankara Sabha**
**Devalokam P.O.**
**Kottayam-686038**

ശാസ്ത്രജ്ഞന്മാർ ഈ പ്രപഞ്ചത്തെ വീക്ഷിക്കുന്നത്, അതിന്റെ അസ്തിത്വത്തിനാധാരമായ ദിവ്യശക്തിയുടെ യാഥാർത്ഥ്യവല്ക്കരണത്തിനുവേണ്ടി, നിരന്തരം പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന ഊർജ്ജ പ്രഭാവമുള്ള ഒരു ജൈവ സംവിധാനമായിട്ടാണ്. സൃഷ്ടിയുടെ പൂരകമായി സ്വയം വെളിപ്പെട്ടു വരുന്ന ദൈവ സ്നേഹമാണ് എല്ലാ വ്യാഖ്യാനങ്ങളുടെയും മൂല തത്വം.

ആധുനിക പരിസ്ഥിതി വേദശാസ്ത്ര പണ്ഡിതനായ ജോൺ കോബിന്റെ വീക്ഷണത്തിൽ പ്രക്രിയാ ദൈവശാസ്ത്രം ഒരു അധിവാസ വിജ്ഞാനീയ ശാസ്ത്ര തത്വം (ecological theory) തന്നെയാണ്. പ്രകൃതിയിലെ പാരസ്പര്യ ബന്ധത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവർക്കേ ഈ പ്രപഞ്ചത്തിന്റെ സ്വഭാവം പൂർണ്ണമായി ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ദൈവ സ്നേഹത്തിലൂടെ അന്തമില്ലാതെ നിർഗ്ഗളിക്കുന്ന ഊഷ്മള ഊർജ്ജമാണ് സമസ്ത സൃഷ്ടിയേയും ജൈവ-അജൈവ സമൂഹകങ്ങളായി രൂപാന്തരപ്പെടുത്തുന്നത്. ഈ ആശയ സംഹിത കേന്ദ്രീകൃതമാക്കിയുള്ള പ്രക്രിയ ദൈവശാസ്ത്രം, സൃഷ്ടിയിലെ എല്ലാ മൂലഘടകങ്ങളുമായുള്ള മനുഷ്യന്റെ ബന്ധത്തെക്കുറിച്ചുള്ള അറിവിലേക്ക് നമ്മേ നയിക്കുന്നു.

[4] ജോൺ ക്രോബിന്റെ അഭിപ്രായത്തിൽ പ്രൊസസ്സ് ഫിലോസഫിയുടെ സുപ്രധാന സംഭാവനകൾ രണ്ട് തലങ്ങളിലാണ് ശ്രദ്ധേയമാകുന്നത്. ഒന്ന്, ഭൗതിക പ്രതലത്തിലെ വസ്തു (things)ക്കളെക്കാളുപരി സമയ ബന്ധിതമായ സംഭവ (events)ങ്ങളുടെ സമുച്ചയമാണത്രേ പ്രകൃതി. രണ്ടാമതായി എല്ലാ അസ്തിത്വത്തിന്റേമേലും അധീശാധികാരമുള്ള യജമാനനായല്ല, പ്രപഞ്ചസംവിധാനങ്ങളുടെയും സംഭവങ്ങളുടെയും പങ്കാളിയായാണ് മനുഷ്യനെ ഇതു കാണുന്നത്.

ശക്തമായ മനുഷ്യാധിഷ്ഠിത ലോക വീക്ഷണം വച്ചു പുലർത്തുന്ന യഹൂദ-ക്രിസ്ത്യൻ കാഴ്ചപ്പാടിനെ അതിജീവിക്കാനുള്ള ഒരു ബദൽ ദർശനമായാണ് ജോൺ കോബ് പ്രക്രിയ ദൈവശാസ്ത്രത്തെ അവതരിപ്പിക്കുന്നത്. പരമ്പരാഗത പാശ്ചാത്യ ദൈവശാസ്ത്രത്തെ അപേക്ഷിച്ച് പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തിന് ആരോഗ്യകരമായ ഒരു വേദശാസ്ത്ര ദർശനം ഇതു നൽകുന്നു.

**ദൈവത്തിന്റെ മുഖ്യമായ പ്രതിരൂപം സ്നേഹമാണ്. ഈ സ്നേഹമാണ് സൃഷ്ടിയായി രൂപാന്തരപ്പെട്ടത്. അങ്ങനെ ദൈവം തന്റെ പ്രകടമായ സ്നേഹ വായ്പിലൂടെ അവ്യവസ്ഥയുടെമേൽ ക്രമവും, ചിട്ടയും, സോദ്ദേശ്യതയും, അർത്ഥവും നൽകി അവ്യവസ്ഥയെ അസ്തിത്വമാക്കി മാറ്റിയെടുത്തു. തദ്ഫലമായി സമസ്ത സൃഷ്ടിയും ദൈവവുമായും; ദൈവം സൃഷ്ടിയുമായും താദാത്മ്യപ്പെട്ടു.**

**ദൈവവും മനുഷ്യനും പ്രകൃതിയുമായുള്ള ത്രിത്വാധിഷ്ഠിത ബന്ധം**

ദൈവത്തെ അടുത്തറിയുന്നതിലൂടെ നമ്മേക്കുറിച്ചും, പ്രകൃതിയും നാമുമായുള്ള ബന്ധത്തെക്കുറിച്ചും ആഴത്തിൽ ഗ്രഹിക്കുന്നതിന് സാധിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ദൈവം ആരാണെന്നും, സൃഷ്ടിയുമായുള്ള ദൈവത്തിന്റെ ബന്ധം എന്താണെന്നും, സമഗ്രമായി മനസ്സിലാക്കുക എന്നത് പരിസ്ഥിതി സംരക്ഷണത്തിന്റെ ആത്മീയ തലത്തിലെ ഒരു സുപ്രധാന ഘടകമാകുന്നു. ഈ ഒരു ശ്രമത്തിന്റെ തുടക്കം ത്രിത്വത്തെക്കുറിച്ചുള്ള ധാരണതന്നെയാണ്. [5] പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നത് മൂന്ന് വിഭിന്ന ദൈവങ്ങളല്ല, മറിച്ച് മൂന്നും അന്യോന്യം ബന്ധപ്പെട്ട് ഒന്നായിരിക്കുന്നതുപോലെ , ദൈവം-മനുഷ്യൻ-പ്രകൃതി ബന്ധം ത്രിത്വാധിഷ്ഠിത വീക്ഷണത്തിൽ അന്യോന്യം ബന്ധപ്പെട്ട് പരസ്പരാശ്രിതത്വത്തിലും സഹവർത്തിത്വത്തിലും നിലനില്ക്കുന്നു. എല്ലാറ്റിൻമേലും പരിപൂർണ്ണ അവകാശവും, അധികാരവും ദൈവത്തിനാണെങ്കിലും ഭൗമ സമൂഹത്തിൽ തന്റെ സാന്നിധ്യം അറിയിക്കാനും, സൃഷ്ടികളെല്ലാം ദൈവേച്ഛ പ്രകാരം സമാന ധർമ്മമുള്ള ഒരു സമൂഹമായി ജീവിക്കാനും നിലനില്ക്കാനുമുള്ള ദൈവഹിതമാണ് ഇതു വഴി പ്രകടപ്പിക്കുന്നത്.

അടുത്ത പടി, ദൈവത്തിന്റെ വിശാല ലക്ഷണമായ സർവാതിശായിത്വവും (Transcendence) സങ്കീ.90:2 സർവ്വസാന്നിദ്ധ്യവും (Immanence) അനന്തശക്തിയും (omnipotence) പരിസ്ഥിതി ബന്ധിതമായി മനസ്സിലാക്കുക എന്നതാണ്. മറ്റ് സൃഷ്ടികളിൽ നിന്നെല്ലാം വേർപെട്ട്, 'ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്ന' (high & exalted-യെശയ്യാ 6 :1) സർവ്വാതിശായിയായ ദൈവത്തിന്റെ സവിശേഷമായ സ്ഥാനത്തെ ആ കാലവും ബാഹ്യാകാശവുമായി ബന്ധപ്പെടുത്തി (സങ്കീ. 90:2,1 രാജാ. 20:28)യാണ് വേദപുസ്തകത്തിൽ സൂചിപ്പിക്കുന്നത്. ദൈവത്തെ ആരാധിക്കുന്നതിനും ഗാഢമായി സ്നേഹിക്കുന്നതിനുമുള്ള ദിവ്യപ്രചോദനം ഇതുവഴി ലഭിക്കുന്നു. അവന്റെ സർവ്വ സാന്നിദ്ധ്യം മൂലം എല്ലാ സൃഷ്ടികൾക്കും സർവ്വ സാമാന്യനുമാണ്.

ഏതർത്ഥത്തിലാണ് ഈ പ്രപഞ്ചത്തിലെ ദൈവസാന്നിദ്ധ്യം നാം മനസ്സിലാക്കേണ്ടത്? [6] ആർ. ആർ. ഇല്ലിംഗ്വത്തിന്റെ ആഭിപ്രായത്തിൽ ഇതു രണ്ട് തരത്തിലാവാം. ഒന്ന്, ശാരീരികമായ അഥവാ ഭൗതികമായ സാരവത്തായ സാന്നിദ്ധ്യം (essential immanence), രണ്ട്, പ്രവൃത്തിയിലൂടെ പ്രകടമാകുന്ന സന്നിഗ്ധമായ ആത്മീയ സാന്നിദ്ധ്യം. (contingent immanence). രണ്ടർത്ഥത്തിലും, സർവ്വാന്തർയാമിയായ ഈശ്വരനാണ് ഈ പ്രപഞ്ചത്തിൽ നമ്മുടെ ബുദ്ധിക്ക് തെളിവായി അവതരിക്കുന്നത്. ദൈവത്തിന്റെ കരവേലയായ സൃഷ്ടിയിലൂടെ പ്രകടമാകുന്നത് ആത്മീയ സാന്നിദ്ധ്യമാണെങ്കിൽ, ത്രിത്വാധിഷ്ഠിതബന്ധത്തിന്റെ രണ്ടാമത്തെ തലമായ പുത്രനിലൂടെ ദൈവം തന്റെ ഭൗതിക സാന്നിദ്ധ്യം ലോകത്തിനുവെളിപ്പെടുത്തി. ഏക്ഷ്യൻ തിയോളജിസ്റ്റായ [7] സി.എസ്. സോഗിന്റെ അഭിപ്രായത്തിൽ ദൈവാവതാരം (incarnation) നിത്യമായ ഒരു സനാതന തത്വത്തെക്കാളുപരി ഈ പ്രപഞ്ചത്തിന്റെ ജീവചൈതന്യത്തിനാധാരമായി അനശ്വരമായി പ്രകൃതിയിൽ വ്യാപരിച്ച് നിലകൊള്ളുന്നുവെന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത സർവ്വ സാന്നിദ്ധ്യത്തെ അഖിലാണ്ഡം മുഴുവൻ അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു (യെശയ്യാവ് 6:3; യിരമ്യവു 23:24; സങ്കീ. 139:7-11) വെന്ന പ്രയോഗത്തിലൂടെ വിശുദ്ധ ഗ്രന്ഥത്തിൽ പലയിടത്തും അടിവര ഇട്ടു രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു തന്നെ "സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു." (യെശയ്യാവ് 66:1) എന്ന അരുളപ്പാട് ഭൂമി കീഴ്ത്തരമാണെന്ന സൂചനയല്ല മറിച്ച് സമഗ്രമായ ഒരാശയത്തെ അംശീകമായി പ്രതിപാദിക്കാനുതകുന്ന ഒരു കാവ്യാത്മക പ്രയോഗമായാണ് കാണേണ്ടത്.

ദൈവത്തിന്റെ ആത്മജ്ഞാനപരമായ സർവാതിശായിത്വവും സർവ്വ സാന്നിദ്ധ്യവും പ്രദാനം ചെയ്യുന്ന ദിവ്യാവസ്ഥയെ ആഴത്തിൽ ഗ്രഹിക്കുന്നതിലൂടെ പ്രകൃതിയെക്കുറിച്ച് സാക്ഷാത്തായ ഒരു ഉൾക്കാഴ്ചയാണ് നമുക്ക് ലഭിക്കുന്നു എന്നതാണ് പ്രധാനം. താർക്കികമായി രണ്ടും വിഭിന്നമാണെന്നു തോന്നുമെങ്കിലും, ഒരുനാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ ഇരു യാഥാർത്ഥ്യങ്ങളും അഭേദ്യമായി പ്രകൃതിയിൽ നിലകൊള്ളുന്നു. സർവ്വസാന്നിദ്ധ്യത്തിലൂടെ ദൈവത്തിന്റെ മഹത്വം ഈ പ്രപഞ്ചത്തിൽ നിറഞ്ഞു നില്ക്കുന്നുവെന്നു ധരിക്കുന്നതിലൂടെ നമ്മുടെ ബഹുമാനവും ആദരവും അർഹിക്കുന്ന പാവനത്വം പ്രകൃതിയ്ക്കു ലഭിക്കുന്നു എന്നതാണിതിന്റെ പാരിസ്ഥിതിക പ്രത്യേകത. പദാർത്ഥം-ആത്മാവ് അഥവാ ഭൗതീകം-ആത്മീയം (matter spirit dualism) എന്നീ ദ്വൈത സങ്കല്പത്തെ നിഷ്പ്രഭമാക്കി ദ്രവ്യത്തിന് മൂല്യവും നന്മയും പ്രധാനം ചെയ്യാൻ ഇതു സഹായിക്കുന്നു. അതുകൊണ്ട് തന്നെ മനോഹരങ്ങളായ പക്ഷികളും, പറവകളും, പ്രകൃതി ദൃശ്യങ്ങളും മാത്രമല്ല, അലഞ്ഞു തിരയുന്ന നായ്ക്കളും, ഇഴഞ്ഞുനടക്കുന്ന പാമ്പും, പല്ലിയും, ഓന്തും, അരണയും ഉൾപ്പെട വിരൂപങ്ങളും ഉപദ്രവകാരികളായ എല്ലാ ജന്തുക്കളും ദൈവത്തിന്റെ അരുമ സന്താനങ്ങളാണെന്നും, അതുകൊണ്ട് അവയെല്ലാം നമ്മുടെ കാരുണ്യവും ബഹുമാനവും അർഹിക്കുന്നുവെന്ന നീതിബോധവും ഉണ്ടാവുന്നു. ഏറ്റവും നികൃഷ്ടമെന്ന് നാം കരുതുന്ന പൂപ്പിൽ നിന്ന് ജീവസംരക്ഷണാഷൗധമായ പെൻസിലിൻ കണ്ടു പിടിക്കാൻ അലക്സാണ്ടർ ഫ്ളെമിംഗിന് സാധിച്ചത് ഈ ദൈവീക നന്മ അവയും ഉൾക്കൊള്ളുന്നതു കൊണ്ടാണ്. ഭക്ഷ്യ-തുകൽ വ്യവസായത്തിനും, വിനോദത്തിനും, ഷാംപു, ലിഫ്സ്റ്റിക്, സോപ്പ്, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ നിർമ്മിതിക്കും വേണ്ടി ജന്തുക്കളെ ക്രൂരമായി കൊന്നൊടുക്കുന്നതിനെ തടയാനും പരീക്ഷണശാലകളിൽ കീറി മുറിച്ചും, കണ്ണുപൊട്ടിച്ചും, വിഷം നൽകിയും, പട്ടിണിയ്ക്കിട്ടും, വൈദ്യുതാഘാതമേല്പിച്ചും നടത്തുന്ന ഗവേഷണങ്ങൾക്കുമെതിരെ പ്രതികരിക്കാനുതകുന്നവണ്ണം നമ്മിൽ മയങ്ങി കിടക്കുന്ന ധർമ്മബോധത്തെ തട്ടിയുണർത്താൻ ഈ നവ ദർശനം സഹായിക്കുന്നു. ഭൂമിശാസ്ത്രപരമായ അകലം സൃഷ്ടിക്കുന്നതല്ല സർവ്വാധിശായിത്വം, പിന്നെയോ നമ്മോട് അടുത്ത് സ്ഥിതി ചെയ്ത്, നമ്മിൽ തന്നെ വസിച്ച് സമസ്ത ജീവജാലങ്ങളുടെയും അസ്ഥിത്വത്തിനാധാരമായി പ്രവർത്തിക്കുന്നതാണീ ദിവ്യശക്തി എന്നു മനസ്സിലാക്കുമ്പോൾ മാത്രമാണ്. എല്ലാത്തിനെയും ആദരിക്കാനും, ബഹുമാനിക്കാനും, സംരക്ഷിക്കാനുമുള്ള ആത്മജ്ഞാനം നമുക്കു ലഭിക്കുന്നത്. അങ്ങനെ, വിഭിന്നങ്ങളായി തോന്നുന്നതെല്ലാം ഒരേശക്തിയുടെ ബാഹിർഭാഗങ്ങളുമായി ചേർന്ന് ഒന്നായി തീരുന്നു.

പ്രപഞ്ചത്തിൽ വ്യാപരിക്കുന്ന ദൈവത്തിന്റെ സർവ്വശക്തിത്വത്തെയും (omnipotence) ഇത്തരം ഒരു പുതിയ കാഴ്ചപ്പാടിലൂടെയാണ് വീക്ഷിക്കേണ്ടത്. ഉന്നതങ്ങളിൽ എങ്ങോ മാറിഞ്ഞിരുന്ന് പ്രകൃതിയുടെമേൽ എന്തും ചെയ്യാനുള്ള തന്റെ അധീശാധികാരവും, അവകാശവും, മേൽക്കോയ്മയും പ്രയോഗിക്കുന്ന (അതുണ്ടെങ്കിൽപ്പോലും) ഒരു ബാഹ്യശക്തിയായല്ല, പിന്നെയോ, സമസ്തസൃഷ്ടിയോടും ചേർന്നിരുന്ന് [8] സ്നേഹത്തിന്റെയും, സേവനത്തിന്റെയും കരുതലിന്റെയും വലയിൽ അവയെ ബന്ധിക്കുന്ന ദിവ്യചൈതന്യമായാണ് ദൈവീക ശക്തി വെളിപ്പെടുന്നത്. [9] ദൈവം തന്റെ അനന്തശക്തിപ്രയോഗിക്കുന്നത് സ്വാധീനശക്തിപ്രഭാവം കൊണ്ടോ ബലപ്രയോഗത്താലോ അല്ല, മറിച്ച്, പ്രൊസസ്സ് തിയോളജി ചൂണ്ടിക്കാണിക്കുന്നതുപോലെ 'അനുനയനം' (persuation) കൊണ്ടാണ്. ജീവനെ നിലനിർത്തുന്ന പാരിസ്ഥിതിക ബന്ധങ്ങളുടെ കണ്ണികൾ പൊട്ടാതെ സൂക്ഷിക്കുന്ന ദിവ്യപ്രഭാവമാണീശക്തി. ജൈവ-അജൈവ സംവിധാനങ്ങളെയും, മനുഷ്യനെയും പ്രകൃതിയെയും ലിംഗവ്യത്യാസങ്ങളെയും വിഭിന്നവർഗ്ഗങ്ങളെയും നിലനില്പിന്റെ വലയിൽ കോർത്തിണക്കുന്ന ദൈവത്തിന്റെ മഹാശക്തിയിലധിഷ്ഠിതമായ പ്രസ്തുത ബന്ധങ്ങൾ കാത്തു സൂക്ഷിക്കാനുതകുന്ന പുതിയ സന്ദേശമാണ് പരിസ്ഥിതിയിലൂന്നിയ നവ ദൈവശാസ്ത്രം നൽകേണ്ടത്. ●



**ഒരു വിശ്വാസി**

**തിരുവല്ല**

4. Paulos Mar Gregorios "The Human Presence-an Orthodox view of Nature" WCC, 1978, 1980.
5. Otto W. Heick, "A History of Christian Thought,", Vol.2 Philadelphia, Fortress press, 1966
6. J.R. Illingworth, "Divine Immanence in Nature" in Contemporary Religious Thinkers, Ed. John Macquarrie, London 1968
7. C.S. Song "Theology of the Incarnation" in Asian Voices in Christian Theology, Ed. Gerald H.Anderson, New York, Orbis Books, 1996.
8. Owen C. Thomas, "Introduction to Theology" Serampore, Indian Theological library, 1989.
9. Stanely J. Grenz and Roger E. Ollson "20th Century Theology and God and the World a Transitional Age. Illinois, 1992.

നമ്പർ: MM/A-7/2001

## സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

## പൗരസ്ത്യ കാതോലിക്കാ
## മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ

നമ്മുടെ ..........................................................................................................................പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരേ,

ബഹു. സുപ്രീം കോടതിയുടെ 28-11-2001 ലെ ഉത്തരവ് അനുസരിച്ചും, സുപ്രീംകോടതി നിയമിച്ച നീരീക്ഷകൻ ജസ്റ്റിസ് മിസ്റ്റർ വി.എസ്. മളിമഠിന്റെ അംഗീകാരത്തോടുകൂടിയും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 74-ാം വകുപ്പനുസരിച്ചും മുൻ നടപടികളും ക്രമങ്ങളും അനുസരിച്ചുമാണ് നാം ഈ കല്പന പുറപ്പെടുവിക്കുന്നത്.

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ (മലങ്കര അസോസിയേഷന്റെ) ഒരു യോഗം താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് പരുമല മാർ ഗ്രീഗോറിയോസ് ഓഡിറ്റോറിയത്തിൽ വച്ച് രണ്ടായിരത്തിരണ്ടാമാണ്ട് മാർച്ചു മാസം 20-ാം തീയതി ബുധനാഴ്ച പകൽ ഒരുമണിമുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം നിശ്ചയിച്ചിരിക്കുന്നു. അപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം നടത്തുന്ന വിവരം നാം ഇതിനാൽ പ്രഖ്യാപിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു.

**ആലോചനാ വിഷയങ്ങൾ**

1. 28-11-2001 ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ, മലങ്കര മെത്രാപ്പോലീത്താ എന്ന് തീരുമാനിക്കുക.

2. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി പുതുതായി തെരഞ്ഞെടുക്കപ്പെടേണ്ട 37 പട്ടക്കാരെയും 74 അയ്മേനികളെയും തെരഞ്ഞെടുക്കുക.

3. മലങ്കര സഭാ കേസുകളിൽ ബഹു. സുപ്രീംകോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള 20-6-1995 ലെ വിധിയുടെയും അതെ തുടർന്ന് ഉണ്ടായ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്നതും നാം അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ ചെയ്യുക.

ബഹു. സുപ്രീംകോടതിയുടെ 28-11-2001-ലെ ഉത്തരവിൻ പ്രകാരം 2002 മാർച്ച് 31-ന് മുൻപായി അസോസിയേഷൻ യോഗം കൂടേണ്ടിയിരിക്കുന്നതിനാൽ അസോസിയേഷൻ യോഗ നടത്തിപ്പു സംബന്ധിച്ച് നാം ചെയ്തിട്ടുള്ള ക്രമീകരണങ്ങളുടെ ചുരുക്കം താഴെ ചേർത്തിരിക്കുന്നു.

ഭേദഗതി ചെയ്തിട്ടുള്ള സഭാ ഭരണഘടന 71-ാം വകുപ്പനുസരിച്ച് മലങ്കര അസോസിയേഷനിലേക്ക് ഓരോ പള്ളി ഇടവകയിൽ നിന്നും ഒരു പട്ടക്കാരനുപുറമേ അതതു ഇടവകയിലെ അർഹരായ ഇടവകയോഗാംഗങ്ങളുടെ സംഖ്യ അനുസരിച്ച് കണക്കാക്കി വരുന്ന അയ്മേനി പ്രതിനിധികളെയും തെരഞ്ഞെടുക്കേണ്ടതാണ്. പ്രസ്തുത ഭേദഗതി വിവരങ്ങൾ എല്ലാവരുടെയും അറിവിനായി നാം പ്രത്യേകം പ്രസിദ്ധപ്പെടുത്തി അറിയിച്ചിട്ടുള്ളതുമാകുന്നു.

നമ്മുടെ മുൻ കല്പന പ്രകാരം നമുക്ക് ലഭിച്ചിട്ടുള്ള 28-11-2001-ലെ സ്ഥിതി വിവരങ്ങൾ അനുസരിച്ച് ആ പള്ളിയിടവകയിൽ അർഹരായ ........................... ഇടവക യോഗാംഗങ്ങൾ ഉള്ളതിനാൽ ആ പള്ളി ഇടവകയിൽ നിന്നും, സഭാ ഭരണഘടന 71-ാം വകുപ്പിനു വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് മലങ്കര അസോസിയേഷൻ അംഗങ്ങളായി ഒരു പട്ടക്കാരനെയും (ഏതെങ്കിലും പള്ളി ഇടവകയിൽ ഒരു പട്ടക്കാരൻ മാത്രമേ ഉള്ളൂ എങ്കിൽ തിരഞ്ഞെടുപ്പു കൂടാതെ തന്നെ അദ്ദേഹം ഇടവക പ്രതിനിധി ആയിരിക്കുന്നതാണ്). ........................... അയ്മേനി പ്രതിനിധിയെയും/പ്രതിനിധികളെയും, സഭാഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് ഇടവക യോഗം കൂടി അസോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുത്ത്, ഇതോടൊന്നിച്ച് അയയ്ക്കുന്ന ''തെരഞ്ഞെടുപ്പു അറിയിപ്പ് ഫാറം'' പൂരിപ്പിച്ച്, വികാരി ഒപ്പിട്ട്, അസോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി.ഒ. കോട്ടയം-686038 എന്ന വിലാസത്തിൽ 29-01-2002 നോ അതിനു മുമ്പോ കിട്ടത്തക്കവണ്ണം രജിസ്ട്രേഡ് പോസ്റ്റിൽ അയയ്ക്കുകയോ നേരിട്ട് ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്.

തെരഞ്ഞെടുപ്പോടുകൂടിത്തന്നെ അസോസിയേഷൻ യോഗത്തിലേക്കുള്ളതും ഇതോടൊന്നിച്ചയയ്ക്കുന്നതുമായ ''അധികാരപത്രം'' പൂരിപ്പിച്ച് വികാരി സൂക്ഷിക്കേണ്ടതും അസോസിയേഷൻ യോഗം കൂടുന്ന ദിവസം യോഗസ്ഥലത്ത് ഹാജരാക്കേണ്ടതുമാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിപുരുഷന്മാരെ ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വേണ്ടി വന്നാൽ വോട്ടു ചെയ്യുന്നതിനുമായി പള്ളി ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ നിശ്ചിത അധികാര പത്രം സഹിതം യോഗസ്ഥലത്ത് യോഗ ദിവസം രാവിലെ 9-മണി മുതൽ 12 വരെയുള്ള സമയത്ത് ഹാജരായി രജിസ്ട്രേഷൻ കൗണ്ടറിൽ അധികാരപത്രം ഏൽപിച്ച് ഹാജർ പുസ്തകത്തിൽ ഒപ്പിട്ട് യോഗസ്ഥലത്ത് പ്രവേശിക്കുന്നതിന് ഉള്ള ബാഡ്ജുകൾ വാങ്ങി, യോഗത്തിന് അര മണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ, മറ്റ് പട്ടക്കാരോ, നേരിട്ട് സ്ഥലത്തുവച്ച് സാക്ഷ്യം കൊടുക്കേണ്ടതാണ്.



അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും പള്ളിയിടവകയ്ക്ക് പ്രത്യേകമായി കല്പന ലഭിക്കാത്തപക്ഷം നാം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഈ കല്പന ഒരു അറിയിപ്പായി പരിഗണിച്ച് ആ പള്ളി ഇടവകയിൽ നിന്നും ഉടനെ തന്നെ നമ്മുടെ ഓഫീസുമായി ബന്ധപ്പെട്ട് ആ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണം മുതലായ വിവരങ്ങൾ നേരിട്ട് മനസ്സിലാക്കി നമ്മുടെ മേൽപറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ച് യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തി ആ വിവരം 29-1-2002 നോ അതിനു മുമ്പോ മേൽ പ്രസ്താവിച്ച പ്രകാരം അസോസിയേഷൻ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

പള്ളി ഇടവകകളിൽ നിന്നും ലഭിച്ചിട്ടുള്ള അറിയിപ്പുകളുടെയും മറ്റും അടിസ്ഥാനത്തിലുള്ള പ്രതിപുരുഷന്മാരുടെ ലിസ്റ്റ് നമ്മുടെ അനുമതി വാങ്ങി, സെക്രട്ടറി, 2002 ഫെബ്രുവരി 5-ാം തീയതി അസോസിയേഷൻ യോഗ സ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും പ്രസിദ്ധീകരിക്കുന്നതും, ബന്ധപ്പെട്ട പകർപ്പുകൾ മെത്രാസന ഓഫീസിലേക്ക് അയയ്ക്കുന്നതുമാകുന്നു.

പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചും പ്രസിദ്ധപ്പെടുത്തുന്ന പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സംബന്ധിച്ചും അവരുടെ സ്ഥാന സാധുത സംബന്ധിച്ചും അസോസിയേഷൻ യോഗ നടത്തിപ്പു സംബന്ധിച്ചും മറ്റും പരാതിയുണ്ടായാൽ അതു കേട്ടു തീരുമാനിക്കുന്നതിന് നമ്മുടെ നിയുക്ത കാതോലിക്കാ നി. വ. ദി. ശ്രീ. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും, വ. ദി. ശ്രീ. കെ. സി. സഖറിയ കോർഎപ്പിസ്ക്കോപ്പ, ദി. ശ്രീ. വി.എം. ഗീവർഗീസ് കത്തനാർ, ശ്രീ. എ. എം. തോമസ്, ജസ്റ്റിസ് കെ. ജോൺ മാത്യു, ശ്രീ. സി.കെ. കൊച്ചുകോശി. ഐ. എ. എസ്. (റിട്ട.), അഡ്വ. എ. ഇസ്സഡ് ജേക്കബ്, എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നിയമാനുസരണം നാം നിയമിച്ച് അധികാരപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് പരാതികൾ ഇടവകാംഗങ്ങളിൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ ആയതു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഒരാഴ്ചക്കകം അതായത് 12-2-2002 നോ അതിനു മുമ്പോ കിട്ടത്തക്കവണ്ണം ട്രിബ്യൂണൽ പ്രസിഡണ്ടിന്റെ പേർക്ക് കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി.ഒ., കോട്ടയം-686038 എന്ന വിലാസത്തിൽ രജിസ്ട്രേഡ് പോസ്റ്റ് വഴി അയച്ചു കൊടുക്കുകയോ, പ്രസിഡണ്ടിന്റെ മുമ്പാകെ നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്. മേൽപ്പറഞ്ഞ കാലാവധി കഴിഞ്ഞു കിട്ടുന്ന പരാതികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച പരാതി ട്രിബ്യൂണലിന്റെ അദ്ധ്യക്ഷന് അയച്ചുകൊടുക്കുന്നതോടു കൂടി അതിന്റെ പകർപ്പ് ബന്ധപ്പെട്ട ഇടവക വികാരിക്ക് പരാതിക്കാർ അയച്ചു കൊടുക്കേണ്ടതും വികാരി ഇടവക പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവരെ വിവരം അറിയിക്കേണ്ടതും ആകുന്നു.

ട്രിബ്യൂണൽ പരാതി വിചാരണയ്ക്കായി 2002 ഫെബ്രുവരി 18-ാം തീയതി തിങ്കളാഴ്ച മുതൽ 20-ാം തീയതി ബുധനാഴ്ച വരെയുള്ള ദിവസങ്ങളിൽ പകൽ 9 മണി മുതൽ 5 മണി വരെ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ കൂടുന്നതാണ്. ട്രിബ്യൂണലിൽ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കും.

ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽ തന്നെ നിശ്ചയിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽ നടപടികൾ നടത്തി വിവരം അതതു ഇടവക വികാരിമാരെയും മറ്റു ബന്ധപ്പെട്ടവരെയും ട്രിബ്യൂണലിൽ നിന്നു ആജ്ഞാനുസരണം അറിയിക്കുന്നതുമാകുന്നു.

ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തുന്ന അവസാന ലിസ്റ്റ് 2002 ഫെബ്രുവരി 26-ാം തീയതി കാതോലിക്കേറ്റ് ഓഫീസിലും അസോസിയേഷൻ യോഗസ്ഥലത്തും പ്രസിദ്ധീകരിക്കുന്നതാണ്.

മലങ്കരസഭാ ഭരണഘടനപ്രകാരം നമ്മുടെ അദ്ധ്യക്ഷതയിലുള്ള ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി അംഗങ്ങളും പള്ളി ഇടവകകളിൽ നിന്നും നിയമാനുസരണം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാരും, ഈ കല്പന അനുസരിച്ച് കൂടുന്ന അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലേക്ക് അതാതു മെത്രാസനങ്ങളിൽ നിന്നും, തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ അംഗസംഖ്യയും, ആ മെത്രാസനത്തിലെ പ്രതിപുരുഷന്മാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ചേർന്ന് അവരെ ഭൂരിപക്ഷപ്രകാരം തെരഞ്ഞെടുത്ത് നാമനിർദ്ദേശം ചെയ്യുന്നതു സംബന്ധിച്ചുള്ള വിവരങ്ങളും മറ്റും അതതു മെത്രാസന ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപ്രകാരമുള്ള തെരഞ്ഞെടുപ്പു നടത്തി, നോമിനേഷൻ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ കല്പനകൾ അതതു മെത്രാസനങ്ങളിലേയ്ക്ക് അയയ്ക്കുന്നതാണ്. മേൽപ്രകാരം യോഗം കൂടി നടത്തുന്ന നോമിനേഷൻ അല്ലാതെ ഏതെങ്കിലും നോമിനേഷൻ ആർക്കെങ്കിലും നടത്തണമെങ്കിൽ അസോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ 30 പേർ ചേർന്ന് അതിലേക്ക് മെത്രാസന ഓഫീസിൽ നിന്നും ലഭിക്കുന്ന ഫാറത്തിൽ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. എല്ലാ നാമനിർദ്ദേശങ്ങളും അസോസിയേഷൻ യോഗത്തിന് രണ്ടാഴ്ചയ്ക്കുമുമ്പ് അതായത് 5-3-2002 നോ അതിനുമുമ്പോ, അസോസിയേഷൻ സെക്രട്ടറിയ്ക്ക് ലഭിച്ചിരിക്കണം. നാമനിർദ്ദേശങ്ങളുടെ സാധുത മേൽപ്പറഞ്ഞ ട്രിബ്യൂണൽ, കൂടി തീരുമാനിക്കുന്നതും ട്രിബ്യൂണൽ സ്വീകരിക്കുന്ന നാമനിർദ്ദേശങ്ങൾ മാത്രം സാധുവായിരിക്കുന്നതുമാകുന്നു. നാമനിർദ്ദേങ്ങൾ അവരവരുടെ മെത്രാസനാടിസ്ഥാനത്തിൽ അസോസിയേഷന്റെ അജണ്ടായിൽ ചേർക്കുന്നതും, അസോസിയേഷൻ യോഗത്തിന് 10 ദിവസം മുമ്പ് യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു. അജണ്ട പ്രസിദ്ധപ്പെടുത്തിയ ശേഷം 3 ദിവസത്തിനകം, ഏതെങ്കിലും നാമനിർദ്ദേശം പിൻവലിക്കാവുന്നതുമാകുന്നു.

അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിനുശേഷം തുടർന്നു യോഗം നടത്തിക്കൊണ്ടു

പോകുന്നതിനോ വൈസ് പ്രസിഡണ്ടുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. അസോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗ നടപടികളെപ്പറ്റിയോ നാം നേരിട്ടോ, നമ്മുടെ ഓഫീസ് മുഖാന്തിരമോ, അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതുമാകുന്നു.

ഈ കല്പന സഭയിലെ എല്ലാ ഇടവകപള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി 2001 ഡിസംബർ 25-ാം തീയതിയിലെ മലയാള മനോരമ, മാതൃഭൂമി, എന്നീ ദിനപ്പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങൾക്ക് ഈ കല്പനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി ഒപ്പോടുകൂടി അയയ്ക്കുന്നതും അത് 20-03-2002-ൽ കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ച അറിയിപ്പായി പരിഗണിക്കേണ്ടതുമാകുന്നു.

ഈ കല്പന പ്രകാരം കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ചോ, മേൽ പ്രസ്താവിച്ച നടപടി ക്രമം സംബന്ധിച്ചോ, ഇവയിൽ പെടാത്തതായി അസോസിയേഷൻ യോഗം നടത്തിപ്പിനു അതതു സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അസോസിയേഷൻ യോഗത്തിൽവച്ചോ, അതിനുമുമ്പോ അപ്പഴപ്പോൾ യുക്തമായ തീരുമാനങ്ങൾ ചെയ്യുന്നതിന് നമുക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മേൽപ്രകാരം അസോസിയേഷൻ യോഗം നടത്തുന്നതു സംബന്ധിച്ചും മറ്റുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ശേഷം പിന്നാലെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാവർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസിന്റെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ,

ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.............

2001 ഡിസംബർ മാസം 24-ാം തീയതി

കോട്ടയം കാതോലിക്കേറ്റ്

അരമനയിൽ നിന്ന്

കോപ്പി 1) മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്

2) മലങ്കര അസോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന പള്ളി ഇടവക പ്രതിപുരുഷന്മാർക്ക്.

## മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



**Dr. George Thomas**
**Dr. Grace George**
**Gem & Greg**
***South Africa***



13-ാം പേജിൽ നിന്നു തുടർച്ച

The changed society is characterised by different kinds of problems too. The reason for the social disturbances are various, such as unemployment, underemployment, population explosion, industrialisation and the evils connected with it, effects of brocken family life etc. In such social situations people get affected by tensions and depressions. They may be staying away from their kith and kins. Our priests have to visit such people and houses and give proper counselling, guidance and comforts. Their emotions and feelings are to be chanalised to further our faith and belief else such people will be lost from our side.

### Pastroral care

In the changed social situation, house visit and pastoral care have a very major role to play to keep the whole congregation together. The visit of the Vicar to the houses of his parish members has a magic touch in setting the bickerings and squables among the members and with the vicar. Without any special invitation the priests should visit houses of their parish members who are affected by disease, disappointment and other calamities. When they find they have a "Father" who cares for them and their welfare it gives them peace, happiness and comfort. This is especially true in outside Kerala where the members live away from their kith and Kins. The pentecostal pastors, presbyters and preachers of other christian groups win the hearts of our people by their uninvited house visits and pastoral care, especially when our people are in problem. Slowly they win the hearts of our people and carry them to their fold. we have to remember-Where our priests fail, there the pastors of other denominations succeed. In my earnest opinion, slackness in pastoral services is the single major factor that influences the exodus from our camp.

The essence of the Ten Commandments expects us to love the Lord our God and to love thy brethren. In this changed social scenario, social and charitable services have a lot to do and role to play. Our Centres in Yacharam, Poona, Makkodia near Itarsi etc. are doing wonderful services to the down trodden and depressed. Several charitable hospitals are run by Malankara Sabha and its Agencies; Snehasadan at Trivandrum for the terminal cancer patients is being appreciated by the public. Houses built by us for the cyclone victims in Orissa and the project underway for the earth quake victims in Gujarat are visible examples of our modern pastoral work. Slowly but steadily within the last quarter century Malankara Sabha, which had been encircled in the fourwalls of Kerala is now emerging out of its age old shell and has started doing pastoral services to its own people and to the society at large. But we should not be complacent. We have a long way to move forward; let God the Almighty strengthen our hands.

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626**

**ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626

# അൽബേനിയൻ സഭ


**വർഗീസ് ജോൺ, തോട്ടപ്പുഴ**

ക്രൈസ്തവ ലോകത്തു നിന്ന് അപ്രത്യക്ഷമായ ഒരു സഭയാണ് അൽബേനിയൻ സഭ (Albanian Church). ഈ സഭ ഇപ്പോഴുണ്ടായിരുന്നെങ്കിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽപെടുമായിരുന്നു.

അർമേനിയൻ സഭയുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് അൽബേനിയൻ സഭയുടെ ചരിത്രവും. കാസ്പിയൻ കടലിന്റെ പടിഞ്ഞാറെ തീരത്ത് ഇന്നത്തെ അസർബൈജാന്റെ വടക്കു കിഴക്കു ഭാഗവും ദാഗസ്ഥാന്റെ തെക്കുഭാഗവും ചേർന്ന രാജ്യമായിരുന്നു കൊക്കേഷ്യൻ അൽബേനിയാ അഥവാ കാസ്പിയൻ അൽബേനിയാ (അഘ്വാൻ). പിന്നീട് അർട്സാഖ് (കരാബാക്), ഉടിക് (ഒടേന) എന്നീ പ്രവിശ്യകളും അൽബേനിയായുടെ ഭാഗമായി. അർട്സാഖ് പ്രവിശ്യയുടെ ഭാഗമായിരുന്നു ഇന്നത്തെ നഗോർണോ –കരാബാക്. (ബാൽക്കൻ പ്രദേശത്ത് ഗ്രീസിന് സമീപത്തായി അൽബേനിയ എന്ന പേരിൽ മറ്റൊരു രാജ്യമുണ്ട്).

എ. ഡി. ഒന്നാം ശതകത്തിൽതന്നെ അപ്പോസ്തോലനായ വി. ബർത്തലോമിയോയും ശിഷ്യന്മാരും അൽബേനിയായിൽ സുവിശേഷമറിയിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു. വടക്കൻ അസർബൈജാനിലെ ശാഖി എന്ന പട്ടണത്തിനു സമീപമുള്ള കിഷ് (Kish) എന്ന സ്ഥലത്ത് ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായി എന്നു കരുതപ്പെടുന്ന ദൈവാലയമാണ് കോക്കസസ് പ്രദേശത്തെതന്നെ ഏറ്റവും പുരാതനമായ പള്ളി. കരിങ്കടലിനും കാസ്പിയൻ കടലിനും ഇടയ്ക്കുള്ള ഭൂപ്രദേശമാണ് കോക്കസസ്. ഇതിന്റെ തെക്കുഭാഗമായ ട്രാൻസ്– കൊക്കേഷ്യയിലാണ് ഇന്നത്തെ ജോർജിയ, അർമേനിയാ, അസർബൈജാൻ എന്നീ രാജ്യങ്ങൾ.

'അർമേനിയായുടെ കാവൽ പരിശുദ്ധൻ' എന്നറിയപ്പെടുന്ന വി. ഗ്രിഗോറിയോസ് ലൂസാവൊറിച്ച് എ. ഡി. 315 നോടടുത്ത് അൽബേനിയായിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തി. അദ്ദേഹം പൗത്രനായ ഗ്രിഗോറീസിനെ (330–338) അൽബേനിയൻ സഭാ തലവനായി നിയമിച്ചു. ഇതോടെ അൽബേനിയായിൽ സഭ വ്യാപകമായി പ്രചരിച്ചു. എ. ഡി. 457–ൽ ക്രൈസ്തവ സഭ അൽബേനിയായിലെ ഔദ്യോഗിക മതമായി. 460 ൽ (?) തലസ്ഥാനമായ പാർതാവിലെ (ബാർദാ) ബിഷപ്പ് സഭാതലവനായിത്തീർന്നു. 506 ലെ ദ്വിൻ സുന്നഹദോസിൽ അൽബേനിയൻ സഭാ പ്രതിനിധികൾ പങ്കെടുക്കുകയും അർമേനിയൻ – ജോർജിയൻ സഭകളോടൊപ്പം കൽക്കദോൻ സുന്നഹദോസ് നിശ്ചയങ്ങളെ തള്ളിക്കളയുകയും ചെയ്തു.



*അൽബേനിയൻ കാതോലിക്കേറ്റിന്റെ കത്തീഡ്രൽ ആയിരുന്ന വിശുദ്ധ യോഹന്നാൻ സ്നാപകന്റെ നാമത്തിലുള്ള ഗാൻഡ്സസർ പള്ളി (13–ാം ശതകം).*

എ. ഡി. 552–ൽ അൽബേനിയൻ സഭാതലവനായ അബ്ബാസ് മെത്രാൻ (551 –595) സഭാ ആസ്ഥാനം ഡർബണ്ടിൽ നിന്ന് രാജ്യ തലസ്ഥാനമായ പാർതാവിലേക്ക് (ബാർദാ) മാറ്റുകയും 'കാതോലിക്കോസ്' (Catholicos of Aghvan, Artsakh and Utik) എന്ന സ്ഥാനപ്പേര് സ്വീകരിക്കുകയും ചെയ്തു. അർമേനിയൻ കാതോലിക്കാ നർസെസ് II (548–557) ആണ് ഇദ്ദേഹത്തെ വാഴിക്കുകയും അൽബേനിയൻ കാതോലിക്കേറ്റിന് കാനോനിക അധികാരങ്ങൾ നൽകുകയും ചെയ്തത്.

എട്ടാം ശതകത്തിന്റെ ആരംഭകാലത്തെ അറബി ആക്രമണത്തോടെ സഭ ക്ഷയിച്ചു തുടങ്ങി. അനേകരെ നിർബന്ധിച്ച് ഇസ്ലാം മതത്തിൽ ചേർത്തു. ഇതേ തുടർന്ന് അൽബേനിയൻ സഭ, അർമേനിയൻ സഭയിലെ സ്വയം ഭരണാവകാശമുള്ള ഒരു വിഭാഗമായിത്തീർന്നുവെന്നു പറയാം.

15–ാം ശതകത്തിന്റെ ആരംഭത്തിൽ ഗാൻഡ്സസർ ആശ്രമം (കരാബാക്കിലെ ഖച്ചൻ) അൽബേനിയൻ കാതോലിക്കായുടെ ആസ്ഥാനമായി. ഇതൊരു പ്രത്യേക കാതോലിക്കേറ്റ് ആയിരുന്നെന്നും സൂചനയുണ്ട്.

19–ാം ശതകത്തിന്റെ ആരംഭത്തോടെ ഈ കാതോലിക്കേറ്റിന്റെ പ്രാധാന്യം കുറഞ്ഞു തുടങ്ങി. 1815–ൽ സാറിസ്റ്റ് റഷ്യ പേർഷ്യൻ ആധിപത്യത്തിൽ നിന്ന് കരാബാക്കിനെ മോചിപ്പിക്കുകയും സർഗീസ് കാതോലിക്കായെ മെത്രാപ്പോലീത്താ പദവിയിലേക്ക് താഴ്ത്തുകയും ചെയ്തു. 1828 –ൽ സർഗീസ് കാലം ചെയ്യുന്നതുവരെ ഈ പദവിയിൽ തുടർന്നു. ഇദ്ദേഹത്തിന്റെ അനന്തരവൻ ബൽദസറിനെ കരാബാക്ക് നിവാസികളുടെ അപേക്ഷ പ്രകാരം എച്ച്മിയാഡ്സിനിൽ വച്ച് അർമേനിയൻ കാതോലിക്കാ എഫ്രേം I (1809 – 30), കരാബാക്ക് ഭദ്രാസനത്തിന്റെ മെത്രാനായി വാഴിച്ചു. അങ്ങനെ കരാബാക്കിലെ കാതോലിക്കാ സ്ഥാനം ആദ്യം അർമേനിയൻ സഭയിലെ മെത്രാപ്പോലീത്താ പദവിയിലേക്കും തുടർന്ന് മെത്രാൻ പദവിയിലേക്കും തരം താഴ്ത്തപ്പെട്ടു.

റഷ്യൻ ഗവൺമെന്റ് 1836–ൽ അൽബേനിയൻ സഭയും കാതോലിക്കേറ്റും നിർത്തലാക്കുകയും പൂർണമായും അർമേനിയൻ സഭയുടെ ഭാഗമാക്കുകയും ചെയ്തു. പിന്നീട് ഈ കാതോലിക്കേറ്റിന്റെ സ്ഥാനത്ത് അസർബൈജാനിൽ കരാബാക്ക്, ഷമാക്ക് എന്നീ രണ്ടു അർമേനിയൻ ഭദ്രാസനങ്ങൾ രൂപീകൃതമായി. കുരാ നദിയുടെ ഇടതു കരയിലേക്ക് കുടിയേറിയ കരാബാക്കിലെ കുറെ അൽബേനിയക്കാർ അവരുടെ തനിമ സംരക്ഷിച്ചുകൊണ്ട് വടക്കൻ അസർബൈജാനിൽ നിജ് (Nij) എന്ന ഗ്രാമത്തിൽ ഇന്നും വസിക്കുന്നു.





# കർതൃദിനചിന്തകൾ

**ഫാദർ എ.എം. വർഗീസ്, പന്തളം**

**2002 ജനുവരി 13**
**ദനഹായിക്കുശേഷം ഒന്നാം ഞായർ**
**വി. മത്തായി 4:12–22**

ഇന്നത്തെ വേദഭാഗം ഉദിപ്പിക്കുന്ന ചിന്തകളിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്:–

1) യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നു. കാരാഗൃഹം കള്ളന്മാർക്കും കൊള്ളക്കാർക്കും കൊലപാതകികൾക്കും വിധിക്കപ്പെട്ടതായിരിക്കെ, ധാർമ്മികനും വ്രതപരനും കർത്താവിന്റെ മുന്നോടിയുമായി ജീവിച്ച് സ്വർഗ്ഗരാജ്യത്തെപ്പറ്റി പ്രസംഗിച്ചു നടന്ന യോഹന്നാൻ കാരാഗൃഹവാസിയായി കഴിയേണ്ടിവന്നത് വളരെ വൈരുദ്ധ്യമായി തോന്നാം. യോഹന്നാന്റെ പ്രസംഗത്തിലെ പ്രധാന വെളിപ്പെടുത്തൽ സ്വർഗ്ഗരാജ്യത്തെപ്പറ്റിയായിരുന്നല്ലോ. പക്ഷെ കർത്താവിന്റെ ദൂതൻ ദുഷ്ടരായ ഭരണകർത്താക്കളാൽ ശിക്ഷിക്കപ്പെട്ട് കഷ്ടതയനുഭവിക്കുന്ന കാഴ്ച നമ്മുടെ ആത്മീയ നയനങ്ങൾ തുറക്കപ്പെടുവാനും ഈ ലോകത്തിനപ്പുറമുള്ള ഭാഗ്യാവസ്ഥ ദർശിക്കുവാനും സഹായകമാകട്ടെ. നീതിക്കും ധർമ്മത്തിനും വേണ്ടി കഷ്ടപ്പെടുന്നവർക്ക് സ്വർഗ്ഗത്തിൽ സജ്ജമാകുന്ന പ്രതിഫലത്തെപ്പറ്റി ചിന്തിക്കുന്നത് പ്രത്യാശയുളവാക്കുന്ന കാര്യമാണ്. യോഹന്നാന്റെ കാരാഗൃഹവാസത്തിന്റെ മറുവശത്തിലേക്ക് നമ്മുടെ മനോനയനങ്ങളേ നയിക്കുന്ന മറ്റൊരു വാക്യം കൂടി ഉദ്ധരിച്ചിട്ടുള്ളത് പ്രത്യേകം ശ്രദ്ധിച്ച് ധ്യാനിക്കാം. "നീതിനിമിത്തം ഉപദ്രവിയ്ക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (വി. മത്തായി 5:10).

2) യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുമെന്ന് അറിഞ്ഞമാത്രയിൽ, യോഹന്നാൻ നിർവഹിച്ചിരുന്ന കർത്തവ്യം ഏറ്റെടുക്കുവാനുള്ള ഭാവത്തിൽ യേശുതമ്പുരാൻ അങ്ങോട്ടുപോകുന്ന രംഗത്തെപ്പറ്റി ചിന്തിക്കാം. നസറേത്ത് എന്ന സ്വന്തനാടും പരിചിതമായ സാഹചര്യങ്ങളും പ്രിയപ്പെട്ട ജനങ്ങളും അവിടെ അപ്പോൾ ആരംഭിച്ച പ്രവർത്തനങ്ങളും ഒക്കെ തല്ക്കാലത്തേക്ക് നിർത്തിയിട്ട് മറ്റൊരു വലിയ ദൗത്യം ഏറ്റെടുക്കുവാനെന്നവണ്ണം ഗലീലാ പ്രദേശങ്ങളിലേക്കു യേശുനാഥന്റെ പുറപ്പാട് പുതിയ ചിന്തകളെ നമ്മുടെ മനസുകളിൽ ഉദിപ്പിക്കട്ടെ. പുതിയ പ്രദേശങ്ങളിലേക്കു കടന്ന കർത്താവ് പ്രധാനമായി ഊന്നിപ്പറഞ്ഞതും യോഹന്നാൻ പറഞ്ഞു വച്ച കാര്യം തന്നെയായിരുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്. "അന്നുമുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നു പ്രസംഗിച്ചു തുടങ്ങി. (വി. മത്താ.4:17)

ലോകരക്ഷകനായ മശിഹാ എന്ന നിലയിൽ യേശു തമ്പുരാന്റെ അന്തിമ ലക്ഷ്യം കാൽവരിമലയും കുരിശുമരണവും ആയിരുന്നുവെങ്കിലും പ്രവർത്തനമണ്ഡലത്തിൽ ദൂതനോടൊപ്പം സഹകരിച്ച് സ്നേഹത്തിന്റെയും വിനയത്തിന്റെയും വിശിഷ്ടമാതൃക കർത്താവു കാണിക്കുന്നത് കാണാൻ നമ്മുടെ അന്തർ നയനങ്ങൾ തുറക്കട്ടെ.

ദൈവത്തിന്റെ നിർദ്ദിഷ്ടനിയോഗങ്ങൾ നിർവഹിക്കുവാൻ ദൈവം തന്റെ സഭയിലെ നടത്തിപ്പുകാരേ നിയമിച്ചിരിക്കുന്നു. അവർ അധികാരത്തിന്റെയും സ്ഥാനവലിപ്പത്തിന്റെയും പേരിൽ അകന്നു നിന്ന് പോരാടരുതെന്ന് കർത്താവ് പഠിപ്പിക്കുന്നു. കാരാഗൃഹവാസം നിമിത്തം പ്രവർത്തനം നിലച്ച യോഹന്നാന്റെ ദൗത്യവും തന്റെ ദൗത്യവും നിർവഹിക്കുവാൻ ഗലീലയിലേക്കുപോകുന്ന യേശുനാഥന്റെ ചിത്രം ചേതോഹരമാണ്. ഓരോ വ്യക്തിക്കും അവരവരുടേതായ ദൈവനിയോഗങ്ങൾ ഉണ്ടെന്നുള്ളതും അതു നിർവഹിപ്പാനുള്ള ബാദ്ധ്യതയുണ്ടെന്നും ഈ സന്ദർഭത്തിൽ സ്മരിക്കാം.

3) ഗലീല പ്രദേശങ്ങളിലേക്ക് കർത്താവു കടന്നു ചെന്നപ്പോൾ ഏതോ വലിയ വെളിച്ചം ഉദിച്ചതുപോലെ അവിടുത്തെ നിവാസികൾക്ക് അനുഭവപ്പെട്ടു.

ഗലീലക്കടലിന്റെ വടക്കു പടിഞ്ഞാറേ തീരത്തായി അക്കാലത്തുണ്ടായിരുന്ന ഒരു പ്രധാന നഗരമായിരുന്നു കഫർന്നഹൂം. പക്ഷെ ലോകാഭിമുഖമായി മാത്രം ജീവിച്ച് ആത്മീയ തേജസ്സ് നഷ്ടപ്പെട്ട ജനങ്ങളായിരുന്നു ഭൂരിഭാഗവും. ഇങ്ങനെയുള്ള ജനങ്ങളുടെ മദ്ധ്യേ, തലചായിപ്പാൻ പോലും ഇടമില്ലാത്ത ഇടയൻ കടന്നു ചെന്നപ്പോൾ അദ്ദേഹത്തിന്റെ വചനങ്ങളും പ്രവൃത്തികളും ശീലങ്ങളും ശക്തി സ്രോതസ്സുകളും കേട്ട് അവിടുത്തെ ജനങ്ങൾക്കുണ്ടായ സന്തോഷവും ആനന്ദവും പരിവർത്തനവുമാണ് വെളിച്ചത്തിന്റെ ഭാവത്തിലും ഭാവനയിലും വി. മത്തായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

## ഞായർദിന ചിന്തകൾ

പ്രവർത്തിക്കുന്ന രംഗങ്ങളിൽ ഘോഷങ്ങളെക്കാൾ പ്രാധാന്യവും പ്രയോജനവും മറ്റുള്ളവർക്ക് ആത്മീയ ദർശനവും ആശ്വാസവും ലഭ്യമാക്കുന്ന വാക്കുകളും പ്രവർത്തന ശൈലിയുമാണ്. അതിന്റെ വെളിച്ചത്തിലാണ് ഗലീലാ പ്രദേശങ്ങളിലെ ജനങ്ങൾ യേശുനാഥന്റെ പാർശ്വത്തിൽ പാഞ്ഞെത്തിയത്. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കും ചരിക്കുന്നവർക്കും നാം എന്തു കൊടുക്കുന്നുവെന്ന് ഈ ഞായറാഴ്ച ചിന്തിക്കാം. തെറ്റുകൾ തിരുത്താം.

4) അപ്പോസ്തോലന്മാരുടെ നിയമനവും പരിശീലനവും

യേശുതമ്പുരാന്റെ പരസ്യ ശുശ്രൂഷയിലെ അതിപ്രധാനമായ ഒരു ഭാഗമാണ് അപ്പൊസ്തോലന്മാരേ നിയമിക്കുന്നതും പരിശീലിപ്പിക്കുന്നതും. "മീൻപിടുത്തക്കാരെ മനുഷ്യരെ പിടിക്കുന്നവരാക്കിത്തീർത്തു". ആത്മീയവും സ്വർഗ്ഗീയവുമായ ചൂണ്ടൽ ഉപയോഗിച്ച് പാപത്തിന്റെ ഓളങ്ങളിൽ നിന്നും ചുഴലികളിൽ നിന്നും മാനവരെ മഹത്വത്തിന്റെ മണവറയിലേക്ക് പ്രവേശിപ്പിക്കുന്ന കർതൃസേവനത്തിന്റെ കാര്യ വിചാരകന്മാരാക്കിത്തീർക്കുവാൻ ചിലരെയൊക്കെ കർത്താവ് വിളിക്കുന്നു.

ആദ്യമായി വിളിച്ച നാലു പേരുടെ വിവരമാണ് ഇന്നത്തെ വായനയിൽ നാം കേൾക്കുന്നത്. മീൻ പിടിത്തത്തിൽ ദത്തശ്രദ്ധരായിരുന്ന പത്രോസിനെയും അന്ത്രയോസിനെയും യാക്കോബിനെയും യോഹന്നാനെയും കർത്താവ് വിളിക്കുന്നു. പടകും തൊഴിലും വലയും വീടും ഒക്കെ ഉപേക്ഷിച്ച് യേശു തമ്പുരാനെ പിന്തുടരുവാൻ അവരേ പ്രേരിപ്പിച്ചത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി കരുതാം. അധികം ആഴമായി ആലോചിക്കുവാനോ നിത്യത്തൊഴിൽ ഉപേക്ഷിച്ചാൽ വന്നുകൂടാവുന്ന ഏടാ കൂടങ്ങളെപ്പറ്റി ആകുലപ്പെടുവാനോ അവർ മുതിരാഞ്ഞത് അമാനുഷികമായ ഒരു വ്യാപാരത്തിന്റെ ഫലമല്ലേ? ഭാവിയിൽ സഭയുടെ സാരഥികളായി ദൈവം അവരെ കരുതിയിരുന്നു. നമ്മെ ദൈവം കരുതലോടെ ഉപയോഗിപ്പാൻ ഉപദേശിക്കുമ്പോൾ പടകും വലയും മീനും എന്നൊക്കെ അധികം ചിന്തിച്ച് ആശങ്കക്കും ആകുലതയ്ക്കും ഇടം കൊടുക്കാതെ ദൈവ ഹിതത്തിന് നമ്മെ വിട്ടുകൊടുക്കുവാൻ ഈ ചിന്തകൾ സഹായകമാകട്ടെ.

### ജനുവരി 20
### ദനഹായുടെ ശേഷം രണ്ടാം ഞായറാഴ്ച
### വി. യോഹ. 1:43–51

ഇന്നത്തെ വേദഭാഗത്തിൽ ശ്രദ്ധേയമായ രണ്ടു വിഷയങ്ങളുണ്ട്. ഒന്നാമത്തേത് നമുക്കു ലഭിക്കുന്ന നമ്മുടെ ദർശനവും സന്തോഷവും മറ്റുള്ളവർക്കും പങ്കിടുക. രണ്ടാമത്തേത് നമുക്കു ലഭിക്കുന്ന നന്മയുടെ ദർശനവും സന്തോഷവും മറ്റുള്ളവർക്കും പങ്കിടുക. രണ്ടാമത്തേത് എവിടെയും എപ്പോഴും നമ്മെ കണ്ടെത്തുന്ന ദൈവത്തിന്റെ കണ്ണുകൾ.

1) ഗലീലയിലെ പ്രവർത്തനരംഗങ്ങളിൽ ഒരിടത്ത് വച്ച് യേശു തമ്പുരാൻ പീലിപ്പോസിനെ കണ്ടിട്ട് അവനെയും തന്റെ ശുശ്രൂഷാ രംഗത്തേക്കു വിളിക്കുന്നു. യേശു തമ്പുരാനെ തിരക്കി നടന്ന പീലിപ്പോസ് അത്യന്തം സന്തോഷചിത്തനായി. അങ്ങനെയിരിക്കവേയാണ് കൂട്ടകാരനായ നതാനിയേലിനെ പീലിപ്പോസ് കാണുന്നതും താൻ യേശുവിനെ കണ്ട കാര്യം അവനെ അറിയിക്കുന്നതും. നമ്മുടെ ജീവിതത്തിൽ ഇത്തരത്തിലുള്ള മനോഭാവം ഉണ്ടാകണം. വേണമെങ്കിൽ നഥാനിയേൽ അന്വേഷിക്കട്ടെ–അറിയട്ടെ എന്നല്ല പീലിപ്പോസ് ചിന്തിച്ചത്. ദാഹത്തോടെ അന്വേഷിക്കുന്നവർക്ക് അറിവിൽപ്പെട്ടിടത്തോളം വഴികൾ കാട്ടിക്കൊടുക്കുന്ന ധാർമ്മിക ബോധമാണ് പീലിപ്പോസിനെ പ്രേരിപ്പിച്ചത്. മഹത്തായ മതൃകയല്ലേ?

2) പീലിപ്പോസ് നഥാനിയേലിനോട് വളരെക്കുറച്ചേ സംസാരിക്കുന്നുവെന്നുള്ളത് ശ്രദ്ധിക്കുക. നഥാനിയേലിന്റെ മനസിൽ സംശയങ്ങൾ ഉയർന്നപ്പോൾ "വന്നു കാണുക" എന്നു മാത്രം പറഞ്ഞ് ഫീലിപ്പോസ് സംഭാഷണം സമാപിപ്പിക്കുന്നു. എന്തിന് അധികം അധരവ്യായാമം നടത്തുന്നു? അതാ! പീലപ്പോസിന്റെ പ്രേരണയ്ക്കു വിധേയനായി യേശുതമ്പുരാന്റെയടുത്തേക്ക് നഥാനിയേൽ നടന്നടുക്കുന്നു. നഥാനിയേലിന്റെ നയനങ്ങൾ പരതുന്നത് നസറായനായ യേശുവിനെയാണ്. യേശുവിന്റെയടുത്തേക്ക് നഥാനിയേൽ നീങ്ങുന്നു.

പക്ഷേ, നഥാനിയേലിനെയും ആ രംഗം വീക്ഷിച്ചിരുന്ന ഏവരേയും അത്ഭുതപ്പെടുത്തുമാറ് അതാ യേശുനാഥൻ മൊഴിയുന്നു. നഥാനിയേലിനെ ചൂണ്ടിക്കൊണ്ടു തന്നെ. "ഇതാ കളങ്കമില്ലാത്ത സാക്ഷാൽ ഇസ്രയേല്യൻ". കുറേ നേരത്തേക്ക് സകലരിലും അത്ഭുതചിന്തകളുടെ അലകളുയർന്നു. തുടർന്ന് നഥാനിയേൽ ചോദിയ്ക്കുന്നു, "നീ എവിടെവച്ചാണ് എന്നെ അറിയുന്നത്"?

യേശുതമ്പുരാൻ അതിനും ഉത്തരം കൊടുത്ത് ഒരു പുതിയ ആത്മീയാനുഭവത്തിലേക്ക് നഥാനിയേലിനെ നയിച്ചു. നമ്മെ സകല രംഗങ്ങളിലും കാണുകയും കരുതുകയും ചെയ്യുന്ന യേശു രക്ഷകന്റെ പാർശ്വങ്ങളിലും പാദങ്ങളിലും നമുക്ക് ശരണം തേടാം. അപ്പോൾ വലിയ വലിയ രഹസ്യങ്ങൾ നമുക്കു വെളിപ്പെടും.

### ജനുവരി 27
### കൊഹനെ ഞായറാഴ്ച
### വി. മത്തായി 24: 42–51

കഴിഞ്ഞയാഴ്ചത്തെ ധ്യാനവിഷയത്തെ പോഷിപ്പിക്കുമാറ് യോനാദീർഘദർശിയെപ്പറ്റിയും നിനുവെക്കാരുടെ മാനസാന്തരത്തെപ്പറ്റിയും ദൂതുകൾ നൽകുന്നു മൂന്നു നോമ്പിന്റെ ദിവസങ്ങളും കഴിഞ്ഞ് കൊഹനെ ഞായറാഴ്ചയിലേക്ക് നാം എത്തിയിരിക്കുന്നു. ഈ കർതൃദിനത്തിലെ കാര്യമാത്ര പ്രസക്തമായ ധ്യാനവിഷയം നിതാന്തജാഗ്രതപുലർത്തുന്നതു ജീവിതത്തിന്റെ ധന്യമായ വിജയമാണ്. നിർവഹിക്കേണ്ടതായ ചുമതലകൾ ഓരോരുത്തർക്കും ഓരോതരത്തിലും അളവിലും ദൈവം കൊടുത്തിരിക്കുന്നു. താലന്തുകളുടെ വിനിയോഗത്തിൽ വീഴ്ച വരുത്തിയ ദാസന്റെ ഊദാസീനതയെ ഉദാഹരണമാക്കി ഉദ്ബോധിപ്പിച്ചിട്ടുള്ള കർതൃവചനങ്ങൾ ജാഗരണവും ജാഗ്രതയും ജീവിതത്തിൽ എത്ര മാത്രം വിലയേറിയതെന്ന് വെളിവാക്കുന്നു. (വി. ലൂക്കോ. 19:11–27, വി. മത്താ. 25:13–30) നിങ്ങളുടെ വിളക്ക് കത്തിയും നിങ്ങളുടെ അരകെട്ടിയും ഇരിക്കട്ടെ എന്നുള്ള വാക്യം നമ്മേ ഉണർത്തട്ടെ. മണവാളനെ കാത്തുകാത്ത് വിളക്കുകൾ തെളിച്ച് ആവശ്യമുള്ളപ്പോഴൊക്കെ എണ്ണ പകർന്ന് വിളക്കു കെടാതെ സൂക്ഷിച്ച ബുദ്ധിയുള്ള കന്യകമാർ നമുക്ക് പ്രചോദനം പകർന്നു തരട്ടെ. ശാസനകൾ അവഗണിച്ച്, യജമാനൻ വരുവാൻ വിളംബമുണ്ടെന്നു പറഞ്ഞ് ഇടയ്ക്കിടയ്ക്ക് ഉറങ്ങുകയും മദമത്ത ചിത്തന്മാരാകുകയും ചെയ്തവരുടെ തിക്താനുഭവങ്ങളിൽ നിന്നും പാഠങ്ങൾ പഠിക്കാം.

ജീവിതത്തിൽ ഉണർവുള്ളവരായിരിപ്പാൻ ഉത്തേജനവും ഉപദേശവും നൽകിയിട്ടുള്ള വൈദികവൃന്ദങ്ങളെ പ്രത്യേകമായി ഓർക്കുന്ന ഈ ദിനത്തിൽ അവർ നമുക്കു ചെയ്തത് എന്തെന്ന് നോക്കാം. "തക്കസമയത്ത് തന്റെ വീട്ടുകാർക്ക് ഭക്ഷണം കൊടുപ്പാനായിട്ട് യജമാനൻ നിയമിച്ചാക്കിയ വിശ്വസ്ത ദാസരാണ് അവർ. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവരുടെ പ്രാർത്ഥന നമുക്കും കോട്ടയായിരിത്തീരട്ടെ.

### ഫെബ്രുവരി 3
### സകല വാങ്ങിപ്പോയവരുടെയും ഓർമ്മ കഴിക്കുന്ന ഞായറാഴ്ച
### ലൂക്കോ. 12:32–48, യോഹ. 5:19–29

1) ഈ ലോകത്തിൽ നിന്നുള്ള വേർപാട്–അഥവാ, മരണമെന്നു നാം പറയുന്ന അവസ്ഥ നിത്യജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ്. ആകയാൽ അതെപ്പറ്റി ഭയപ്പെടരുതെന്ന് കർത്താവ് തന്റെ മക്കളോടു കൽപ്പിക്കുന്നു. ഇവിടെ നമുക്ക് നിക്ഷേപമില്ലെന്നുള്ളത് നിഷേധിക്കാനാവാത്ത സത്യവും സന്ദേശവുമാണ്.

2) ഇവിടെനിന്നു കൊണ്ടുപോകുന്നതും കൊണ്ടുപോകാവുന്നതുമായ ഏക സമ്പാദ്യം ഈ ജീവിതത്തിൽനാം ചെയ്തിട്ടുള്ള സുകൃതങ്ങൾ മാത്രമാണ്. ഈ സുകൃതങ്ങൾ കേവലം വിശ്വാസപരമായ അനുഷ്ഠാനങ്ങളെക്കാളുപരി നമ്മുടെ സഹജരോടുള്ള കടപ്പാടുകൾ കൂടിയാണ്.

3) "നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു തരുവാൻ ഇഷ്ടപ്പെട്ടിരിക്കുന്നു." ഈ അറിയിപ്പ് അർത്ഥവത്താക്കുവാൻ തക്കവണ്ണം നന്മയുടെ വഴികളെ വളർത്തുകയും തിന്മയുടെ വഴികളെ തളർത്തുകയും ചെയ്തുകൊണ്ട് ഫല പ്രദമായി ജീവിതം അവസാനിപ്പിക്കുമ്പോൾ ആ കർതൃശബ്ദം കേട്ട് നന്മ ചെയ്തവർ ജീവന്റെ പുനരുത്ഥാനത്തിനുവേണ്ടിയും തിന്മ ചെയ്തവർ ന്യായവിധിയുടെ പുനരുത്ഥാനത്തിനുവേണ്ടിയും പുറപ്പെടുവാനുള്ള സമയം വരുന്നു. (വി. യോഹ. 5:29) നമ്മുടെ ഇഹലോകജീവിതം നന്മനിമിത്തമുള്ള ജീവന്റെ പുനരുത്ഥാനത്തിന് ഒരുങ്ങുന്ന അരങ്ങായിത്തീരട്ടെ. അപ്പോൾ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള സ്മരണയ്ക്കും കാഴ്ചകൾക്കും പ്രാർത്ഥനകൾക്കും ആഴവും അർത്ഥവും വർദ്ധിക്കും.

### ഫെബ്രുവരി 10
### കൊത്തിനെ ഞായറാഴ്ച (പേത്തർത്താ)
### വി. യോഹ. 2:1–11

1) നോമ്പും നമസ്ക്കാരവും മനുഷ്യമനസിനെ രൂപാന്തരപ്പെടുത്തുവാനുള്ള ഉപകരണങ്ങളായി ഉപയോഗിക്കണമെന്നുള്ള സനാതന സന്ദേശമാണ് കൊത്തിനെ ഞായറാഴ്ച നൽകുന്നത്. പാപിയുടെ തിരിച്ചുവരവ്, പച്ചവെള്ളം മുന്തിരിച്ചാറായതു പോലെ വിശേഷിപ്പിച്ച് ആദ്ധ്യാത്മികചിന്തയുടെ ചരടിൽ കൊരുക്കണം. പാപത്തിൽ നിന്നും അകന്ന് പുതിയജീവൻ തെരഞ്ഞെടുക്കുന്ന മനുഷ്യൻ സമൂഹത്തിനും സഭയ്ക്കും മധുരം പകരുന്ന പാനീയം പോലെയാണ്. നാം ആയിരിക്കുന്ന സാഹചര്യങ്ങളിൽ മധുരം പകരുന്ന ചിന്തയും വാക്കും പ്രവൃത്തിയും നോമ്പിന്റെ ഫലങ്ങളായിത്തീരട്ടെ.

2) നിവൃത്തിയുള്ളിടത്തോളം വിഷമസന്ധികളിൽ മറ്റുള്ളവരെ സഹായിപ്പാൻ സാധിക്കുമോയെന്ന് നോമ്പാചരണക്കാർ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുണ്ട്. അത്ഭുതങ്ങൾ കാട്ടുവാനുള്ള അവസരം അല്ലായിരുന്നിട്ടു പോലും കാനായിലെ കല്യാണ വീട്ടിലേ പ്രിയപ്പെട്ടവരുടെ പ്രയാസം പരിഗണിച്ച് യേശു തമ്പുരാന്റെ മനസ്സലിഞ്ഞ് അത്ഭുതം പ്രവർത്തിച്ച് അവരുടെ ആശങ്കയും ആധിയും അകറ്റി.

3) ഈ അത്ഭുത പ്രവൃത്തിക്ക് യേശു തമ്പുരാനേ പ്രേരിപ്പിച്ച ഘടകം തന്റെ മാതാവിന്റെ സമയോചിതമായ ഇടപെടലും കൂടിയായിരുന്നു. "മകനേ! അവർക്ക് വീഞ്ഞില്ല; മോന്റെ അത്ഭുത ശക്തി ഈ അവസരത്തിൽ പ്രത്യക്ഷമാക്കണം" അൽപം തടസവാദമായി ചിലവസ്തുക്കൾ യേശുനഥൻ സംസാരിച്ച് ആ മദ്ധ്യസ്ഥതയേയും മാനിച്ചുവെന്നതിൽ സംശയമില്ല. മാതാവിനെ മദ്ധ്യസ്ഥയായി കാണുകയും കരുതുകയും ചെയ്യുന്ന പാരമ്പര്യം നമ്മുടെ ആത്മീയ ജീവിതത്തിനും അതുവഴിയുള്ള ജീവിത പരിവർത്തനത്തിനും വഴികാട്ടിയായിത്തീരുവാൻ നമ്മുടെ നോമ്പും നമസ്ക്കാരവും നമുക്ക് സഹായകമാകട്ടെ.


## അപേക്ഷകൾ ക്ഷണിക്കുന്നു

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് സറിയൻ ചർച്ചിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ചികിത്സ, വിവാഹം, ഭവനനിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തൽ തുടങ്ങിയവയ്ക്ക് ഈ വർഷവും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. സഹായം അർഹിക്കുന്നവർ ഇടവക വികാരിയുടേയും, അതാത് മെത്രാപ്പോലീത്തായുടേയും ശുപാർശയോടുകൂടിയ അപേക്ഷകൾ 2002 ഫെബ്രുവരി മാസം 28—ാം തീയതിയ്ക്ക് മുമ്പ് താഴെ ചേർത്തിരിക്കുന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്ന് താൽപര്യപ്പെടുന്നു.

The Vicar
St. Gregorios Indian Orthodox Syrian Church
P.O. Box. 5825, Safat-13059
Kuwait

ലേഖനം

# കന്യകയുടെ നിയോഗം

**ജോഷി ബി. ജോൺ മണപ്പള്ളി**

മനുഷ്യകുലത്തിന്റെ പാപങ്ങളുടെ മോചനത്തിനായി സ്വയം യാഗമായി തീരാൻ, ജഡം ധരിച്ച് ഭൂമിയിൽ അവതരിക്കാൻ വചനമായ ദൈവം തയാറായപ്പോൾ ദൈവം അക്കാര്യം പ്രവാചകൻ മുഖാന്തരം വളരെ മുമ്പുകൂട്ടിത്തന്നെ സ്വന്തം ജനത്തെ അറിയിച്ചിരുന്നു.

ക്രിസ്തു ജനിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ പ്രഖ്യാപിച്ചു-കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന്, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും.

തന്റെ ജഡധാരണത്തിനായി ദൈവം എന്തുകൊണ്ട് കന്യകയുടെ ഉദരം തെരഞ്ഞെടുത്തു? വിവാഹിതയെയോ വിധവയെയോ തെരഞ്ഞെടുക്കാഞ്ഞത് എന്തുകൊണ്ട്?

അല്ലെങ്കിൽ, എന്തിന് മറിയ എന്ന സാധുകന്യകയെ തന്നെ കണ്ടെത്തി? യിസ്രായേൽ ഗോത്രങ്ങളിൽ നൂറു കണക്കിന് കന്യകമാർ വേറെയും ഉണ്ടായിരുന്നല്ലോ.

പ്രവാചകന്മാരിൽ തലവനായിരുന്ന മോശയിലൂടെ ദൈവം വളരെ പണ്ടു തന്നെ അരുളിച്ചെയ്തിരുന്നു: പാപയാഗമായി ഒരു ആട്ടിൻകുട്ടിയെ കൊണ്ടു വരുന്നു എങ്കിൽ ഊനമില്ലാത്ത പെണ്ണാടിനെ കൊണ്ടു വരേണം. (ലേവ്യ 4:32)

ഇവിടെയാണ് മറിയയുടെ പ്രസക്തി. അവൾ ഊനമില്ലാത്ത പെണ്ണാടായിരുന്നു. കളങ്കം എന്തെന്നറിയാത്ത കന്യകയായിരുന്നു.

പ്രാർത്ഥിപ്പാനായി ദൈവത്തിന്റെ മുമ്പിൽ മറിയ നൽക്കുന്ന വേളയിൽ അഗ്നിജ്വാലാവൃതനായി ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ടു പറയുന്നു- "നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും . അവന് യേശു എന്നു പേർ വിളിക്കണം".

ദൂതൻ ഇത്തരമൊരു കാര്യം അറിയിച്ചപ്പോൾ മറിയ ഞെട്ടുന്നു. പക്ഷേ ദേഷ്യപ്പെടുന്നില്ല. "ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും" എന്ന നിഷ്കളങ്കമായ സംശയം മാത്രമാണ് ചോദിക്കുന്നത്.

"പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്നിൽ ആവസിക്കും" എന്ന ദൂതന്റെ പ്രഖ്യാപനം കേട്ട് മറിയ പൂർണമായി ദൈവത്തിനു കീഴടങ്ങുകയാണ്.



"ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് മറിയ സ്വയം സമർപ്പിക്കുന്നു.

അവൾക്ക് ആരോടും അനുവാദം ചോദിക്കേണ്ടിവന്നില്ല. തന്റെ അപ്പനും അമ്മയും എന്തു കരുതും എന്നു ചിന്തിക്കുന്നില്ല. തനിക്ക് വിവാഹം നിശ്ചയിച്ചിരിക്കുന്ന പുരുഷൻ തന്നെ ഏതു രീതിയിൽ കാണും എന്നു വ്യസനിക്കുന്നില്ല.

ഇന്നത്തെ കാലത്തുനിന്നു വ്യത്യസ്തമായി, അവിവാഹിതകൾ ഗർഭം ധരിക്കുക ഏറ്റവും വലിയ കുറ്റമായി കരുതുന്ന സമയം. പ്രത്യേകിച്ചും യിസ്രായേൽ ജനത്തിനിടയിൽ അത്തരം തെറ്റിനുള്ള ശിക്ഷ കല്ലെറിഞ്ഞുകൊല്ലലാണെന്ന് മറിയയ്ക്ക് അറിയാം. താൻമൂലം തന്റെ കുടുംബമാകെ സമൂഹത്തിൽ ഒറ്റപ്പെട്ടേക്കുമെന്നും അവൾക്കറിയാമായിരുന്നു.

പക്ഷേ അത്തരം ചിന്തകളൊന്നും അവളുടെ തീരുമാനത്തെ സ്വാധീനിക്കുന്നില്ല. ദൈവയിഷ്ടത്തിന് വഴങ്ങുന്നതിനു മുമ്പ് അവൾക്ക് രണ്ടാമതൊന്ന് ആലോചിക്കാനില്ല. കാരണം ദൈവഹിതമാണ് സകലത്തേക്കാളും പ്രധാനം.

അത്തരമൊരു സമർപ്പിത ഹൃദയത്തെ കണ്ടെത്തിയാണ് ദൈവം തന്റെ ദൂതനെ അവളുടെ അടുക്കലേക്ക് അയയ്ക്കുന്നത്.

ദൈവപുത്രന് ജന്മമെടുക്കാൻ തന്റെ ഉദരത്തെ നല്ല നിലം പോലെ ഒരുക്കിയ മറിയ എന്ന ഊനമില്ലാത്ത പെണ്ണാട് കർത്താവിനുവേണ്ടി സ്വയം നിന്ദിതയായി തീർന്നു. ലോകമാനങ്ങൾക്കു മുമ്പിൽ സ്വയം യാഗമായി സമർപ്പിച്ചു.

മാർ യാക്കോബ് പറയുന്നതിങ്ങനെയാണ്.

*ആരുമുയർത്തപ്പെട്ടില്ലിതുപോൽ*
*അതിനാൽ സ്പഷ്ടം;*
*മറിയാമേപോൽ ആരും താഴ്ത്തപ്പെട്ടിട്ടില്ല.*

ലോകത്തിൽ അവൾക്കുണ്ടായ താഴ്മയെ ദൈവം ഉയർച്ചയാക്കി മാറ്റി. നിന്ദയെ അവൾ ഭാഗ്യമായി കരുതി. ദൈവപുത്രനെ ഗർഭത്തിൽ പേറുന്ന മറിയയുടെ സ്വരം കേട്ടപ്പോൾ, യോഹന്നാൻ സ്നാപകൻ തന്റെ അമ്മയുടെ ഉദരത്തിൽ കിടന്ന് സന്തോഷത്താൽ തുള്ളി എന്ന് വിശുദ്ധ ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ" എന്ന് യോഹന്നാന്റെ അമ്മ എലിസബേത്ത് മറിയയെ സാക്ഷ്യപ്പെടുത്തുന്നതായി കാണാം.

ലോകത്തിലേക്കും ഏറ്റവും വലിയ ഭാഗ്യവതി താനാണെന്ന് മറിയ പരിശുദ്ധാത്മ നിറവിൽ പ്രഖ്യാപിക്കുകയാണ്. "ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു (ലൂക്കോസ് 1:48)

ലോക സ്രഷ്ടാവിന്റെ സൃഷ്ടിയായ മനുഷ്യൻ. അത്തരമൊരു മനുഷ്യസ്ത്രീ, തന്റെ സ്രഷ്ടാവിനെ വീണ്ടും സൃഷ്ടിക്കാൻ വേണ്ടി സ്വന്തം ഉദരത്തിൽ വഹിക്കുന്നു. അതിനേക്കാൾ വലിയൊരു ഭാഗ്യം ഈ ലോകത്ത് എന്താണുള്ളത്?

ലോകത്തിന്റെ അമ്മയായി മാറിയ മറിയയുടെ സൃഷ്ടിപരമായ പ്രസക്തി എന്തായിരുന്നു?

ആദിയിൽ ആദിമ മനുഷ്യനായ ആദമിന് കൂട്ടായി ദൈവം കൊടുത്ത ഹവ്വ എന്ന സ്ത്രീ പാപം ചെയ്തു. തിന്നരുത് എന്നു ദൈവം കൽപ്പിച്ച ഫലം അവൾ തിന്നു. ഭർത്താവിനും കൊടുത്തു. ദൈവത്തിന്റെ കോപം മനുഷ്യന്റെ മേൽ ജ്വലിച്ചു. ആദമിനെയും ഹവ്വയെയും ദൈവം ശപിച്ചു.

സകല മനുഷ്യരുടെയും മാതാവായ ഹവ്വ എന്ന ആദ്യസ്ത്രീയിലൂടെയാണ് മനുഷ്യൻ പാപം ചെയ്യുന്നത്. അവളിലൂടെയാണ് മനുഷ്യൻ നിന്ദിതനാകുന്നത്. അവളിലൂടെയാണ് മനുഷ്യൻ ശാപം ഏറ്റുവാങ്ങുന്നത്, പറുദീസയുടെ സാന്നിദ്ധ്യം നഷ്ടപ്പെടുത്തുന്നത്.

സ്ത്രീ മുഖേനയുണ്ടായ നിന്ദ നീക്കാൻ മറ്റൊരു സ്ത്രീതന്നെ ആവശ്യമായിരുന്നു. സ്ത്രീ ചെയ്ത പാപത്തിനു പരിഹാരമായി മറ്റൊരു സ്ത്രീ തന്നെ പാപയാഗമാകേണ്ടത് ആവശ്യമായിരുന്നു.

അതിനാണ് ദൈവം മറിയയെ കണ്ടെത്തിയത്. തനിക്ക് ഇറങ്ങിവസിക്കാനുള്ള മൺകൂടാരമായി മറിയയെ തെരഞ്ഞെടുത്തത്. ഹവ്വയെ പ്രലോഭിപ്പിച്ച് പാപം ചെയ്യിക്കുന്നത്, സ്വർഗ്ഗത്തിൽനിന്നു തിരസ്കൃതനായ ലൂസിഫർ എന്ന മാലാഖയാണ് (സാത്താൻ). മറിയയോടു സംസാരിച്ച്, ദൈവഹിതം അവളെ അറിയിക്കാനെത്തുന്നത് സ്വർഗമാലാഖകളിൽ പ്രമുഖനായ ഗബ്രിയേലാണ്.

പഴയനിയമകാലത്ത്, ഭൂമിയിലേക്ക് ഇറങ്ങുന്ന വേളകളിൽ, കെരൂബ് എന്ന സ്വർണ നിർമിത പേടകത്തിൽ വസിക്കുന്ന ദൈവം, പുതിയനിയമം ചമയ്ക്കുന്നതിനുവേണ്ടി തനിക്കിറങ്ങി വസിക്കാനുള്ള പേടകമായി കണ്ടെത്തുകയാണ് മറിയയെ. ആ കന്യകയുടെ വിശുദ്ധിയും വെടിപ്പും സൗമ്യതയും താഴ്മയും തനിക്ക് വസിക്കാനുള്ള മൺകൂടാരത്തിന്റെ യോഗ്യതകളായി ദൈവം കണക്കാക്കി.

ഭാരതസഭയുടെ പാരമ്പര്യപ്രകാരം, ദൈവമാതാവായ മറിയ നിത്യകന്യകയുമാണ്. കർത്താവിനെ പ്രസവിച്ചു എന്നതുകൊണ്ട് അവളുടെ കന്യകാത്വം നഷ്ടമാകുന്നില്ല.

യിസ്രായേൽ ജനതയെ മിസ്രയീമിന്റെ അടിമത്വത്തിൽനിന്ന് മോചിപ്പിക്കാൻ മോശെയോട് ദൈവം ആവശ്യപ്പെടുന്ന സംഭവം ബൈബിളിൽ വിശദീകരിക്കുന്നുണ്ട്. മോശ ആടുകളെ മേയിച്ചുകൊണ്ട് ഹോറേബ് പർവതത്തിൽ നിൽക്കുമ്പോൾ ഒരു മുൾപ്പടർപ്പ് തീ പിടിച്ച് കത്തുന്നതു കണ്ടു. എന്നാൽ മുൾപ്പടർപ്പ് വെന്തു പോകാതെയുമിരുന്നു.

അതെന്തെന്നറിയാൻ ചെന്ന മോശ മുൾപ്പടർപ്പിൽ കാണുന്നത് ദൈവത്തെയാണ്. ഭൂമിയിലേക്കിറങ്ങിയ ദൈവം മുൾപ്പടർപ്പിൽ നിൽക്കുന്നതിനാൽ അത് കത്തിജ്വലിക്കുകയാണ്. എന്നാൽ അതിന്റെ ഒറ്റ ഇലയെപോലും തീ തീണ്ടുന്നില്ല.

മുൾപ്പടർപ്പിനെ മറിയയുടെ പ്രതീകമായാണ് കണക്കാക്കുന്നത്. പാപത്തിന്റെ അടിമത്വത്തിൽനിന്ന് സ്വന്തം ജനത്തെ രക്ഷിക്കാനായി, ദൈവം ഇറങ്ങി ആവസിച്ച് അത്യുജ്വലശോഭയോടെ വർത്തിച്ചിട്ടും അവളുടെ കന്യാവ്രതമുദ്രയ്ക്ക് ഒരു ഭംഗവുമുണ്ടായില്ല എന്നാണ് പാരമ്പര്യം. ●

**പത്തനംതിട്ട സെന്റ് ബേസിൽ ഗോസ്പൽ ടീമിന്റെ ജനുവരി മാസത്തെ പ്രോഗ്രാം**

ജനുവരി 3,4,5- സെന്റ് മേരീസ് കത്തീഡ്രൽ, തുമ്പമൺ.
ജനുവരി 6,7- സെന്റ് ജോർജ്ജ് ചർച്ച്, എലിമുള്ളുംപ്ലാക്കൽ.
ജനുവരി 11,12,13- സെന്റ് മേരീസ് ചർച്ച്, മുളക്കഴ.
ജനുവരി 15,16,17,18- സെന്റ് മേരീസ് ചർച്ച്, ചെമ്മന്തൂർ.
ജനുവരി 20,21,22,23-സെന്റ് മേരീസ് ചർച്ച്, ഏഴംകുളം.
ജനുവരി 24,25,26 - സെന്റ് മേരീസ് ചർച്ച്, വകയാർ.

*ഗാനശുശ്രൂഷ, വചനശുശ്രൂഷ, സമർപ്പണ പ്രാർത്ഥന, അനുതാപത്തിന്റെ ശുശ്രൂഷ, സൗഖ്യദാന മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തപ്പെടുന്നു.*

കവിത

# മാർ യൂഹാനോൻ മാംദാന

*കെ. ഡാനിയേൽ, തട്ടാരംബലം*

വന്ദിപ്പാം യൂഹാനോനെ
വന്ദിപ്പാം യൂഹാനോനെ
വന്ദിപ്പാം ആദരവായ്
വന്ദിപ്പാം യൂഹാനോനെ......... വന്ദിപ്പാം

മുട്ടിവിളിക്കും ഞങ്ങൾ
തുറക്കും നാൾവരെയും
മുട്ടില്ലാ പ്രാർത്ഥനകൾ-
ക്കുത്തരം നൽകും വരെ
എന്നിലും വലിയവൻ
എന്നിലും ബലവാനായ്
അങ്ങയിൻ ചെരുപ്പിൻ
വാറഴിപ്പാൻ യോഗ്യനല്ല.............വന്ദിപ്പാം

ഞങ്ങൾ വിശ്വാസികളോ
കേഴുന്നു ഭാരങ്ങളാൽ
ക്ലേശങ്ങൾ തീർത്തിടണേ
കാവൽ പിതാവേ നാഥാ!
കുന്നുകൾ നിരപ്പാകും
ദുർഘടം നിരന്നിടും
ഭിന്നത സകലവും
മാറുമീ പ്രാർത്ഥനയാൽ.............വന്ദിപ്പാം

ഞാൻ എന്ന ഭാവം എന്നിൽ
വിളയും പതിർ മാത്രം
വീശുമുറവും വീശി
കളത്തെ വെടിപ്പാക്കും
പതിർ കെടാത്ത തീയിൽ
ഇട്ടു ചാരമായ് തീരും
ഞാനോ കുറയേണം
അവനോ വളരേണം.........വന്ദിപ്പാം

*(മഹാകവി വള്ളത്തോളിന്റെ വന്ദിപ്പിൻ മാതാവിനെ...... എന്ന ദേശഭക്തി കവിതയുടെ ഈണത്തിൽ ഈ കവിത ആലപിക്കാവുന്നതാകുന്നു.)*


മലങ്കരസഭ ജനുവരി 2002

# സൺഡേസ്ക്കൂൾ കത്ത്

## പ്രകാശ ദാനം

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2002 ജനുവരി 20-ാം തീയതി ആചരിക്കുന്ന ജീവകാരുണ്യ ദിനത്തോടനുബന്ധിച്ച് ശേഖരിക്കുന്ന സ്തോത്ര കാഴ്ചയിൽ നിന്നും രണ്ടു ലക്ഷം രൂപ ബത്തേരി ഭദ്രാസനത്തിലെ കാര്യമ്പാടി കണ്ണാശുപത്രി മുഖാന്തിരം 20 സാധുക്കളായ അന്ധർക്ക് വർഷം തോറും കാഴ്ച നൽകത്തക്കവണ്ണം ക്രമീകരിക്കുകയാണ്.

ഈ സ്ഥാപനത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സൺഡേസ്ക്കൂളുകളെ ഉടനെ അറിയിക്കുന്നതാണ്. എല്ലാ സഹൃദയരും ആത്മാർത്ഥമായി ഈ പരിപാടിയിൽ സഹകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

2002 ജനുവരി 20-ാം തീയതി ഞായറാഴ്ച ശേഖരിക്കുന്ന സ്തോത്ര കാഴ്ച ഫെബ്രുവരി 28-നു മുമ്പ് ഡി. ഇൻസ്പെക്ടർമാരെ ഹെഡ്മാസ്റ്റർമാർ ഏൽപിക്കേണ്ടതും മാർച്ച് 31-നു മുമ്പ് ഡി. ഇൻസ്പെക്ടർമാർ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ് ഏപ്രിൽ മാസത്തിൽ പ്രസ്തുത തുക കണ്ണാശുപത്രി അധികൃതർക്കു നൽകുന്നതിനും ക്രമീകരണം ചെയ്യും. സ്ക്കൂളുകളിൽ 6-ാം തീയതിയും 13-ാം തീയതിയും ഞായറാഴ്ചകളിൽ ജീവകാരുണ്യ ദിനാഘോഷത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകി 20-ാം തീയതി ആഘോഷിക്കുന്നതാണ്.

2001-ലെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ദൈവം നൽകിയ കൃപകൾക്കു വേണ്ടി പ്രത്യേകം കൃതജ്ഞത അർപ്പിച്ചുകൊണ്ട് 2002 ലെ പ്രവർത്തനങ്ങളിലേക്ക് പ്രാർത്ഥനാ പൂർവ്വം പ്രവേശിക്കുന്നു. അത് വിജയകരമായി നടത്തുന്നതിന് എല്ലാ അനുഗ്രഹങ്ങളേയും കർത്താവ് നൽകുമെന്ന് പ്രത്യാശിക്കുന്നു.

പ്രവർത്തകരെല്ലാവരും തങ്ങളുടെ കർത്തവ്യങ്ങളെ യഥാവിധി നിർവ്വഹിക്കുമെന്നുള്ള പ്രത്യാശയാണ് ഉള്ളത് "എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്ന് പത്രോസിനോട് കല്പിച്ചത് നമ്മോടും കൂടെയാണെന്ന് പ്രവർത്തകർ ധരിക്കേണ്ടതാണ്.

ഫാ. റ്റി. ജെ. ജോഷ്വ
(ഡയറക്ടർ ജനറൽ)

### അഖില മലങ്കര സൺഡേസ്ക്കൂൾ



പ്രസംഗ മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ സെൻട്രൽ സോണിൽ നിന്നും ഒന്നാം സ്ഥാനം നേടിയ സന്തു ജോൺ സാജൻ, സെ. തോമസ് കുങ്കിരിപ്പെട്ടി. ഇടുക്കി.



സബ്ജൂനിയർ വിഭാഗത്തിൽ സെൻട്രൽ സോണിൽ നിന്നും ഒന്നാം സ്ഥാനം നേടിയ നിസ്സു ജോർജ്ജ്, അയ്യപ്പൻ കോവിൽ.

## അറഫാത്തിന് ബേത്ലഹേമിൽ വിലക്ക്...........

5-ാം പേജിൽ നിന്നു തുടർച്ച

യുടെ ഘാതകരെ അറസ്റ്റ് ചെയ്യാതെ അറഫാത്തിനെ ബേത്ലഹേമിലെ ക്രിസ്മസ് പരിപാടിയിൽ പങ്കെടുക്കാൻ അനുവദിക്കില്ലെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ തീരുമാനം പിൻവലിക്കാൻ അമേരിക്കയും യൂറോപ്യൻ യൂണിയനും വത്തിക്കാനും ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സമൂഹം ഷാരോണിനോട് ആവശ്യപ്പെടുകയും ഇസ്രയേലിൽത്തന്നെ ഇതിനെതിരെ പ്രതിഷേധം ഉയരുകയും ചെയ്തെങ്കിലും ഇസ്രയേലിന്റെ നിലപാടിൽ മാറ്റമുണ്ടായില്ല. എന്നാൽ ബേത്ലഹേമിലെ വിശ്വാസികളെ, സംപ്രേഷണം ചെയ്യപ്പെട്ട ഒരു ടെലിഫോൺ പ്രഭാഷണത്തിലൂടെ യാസർ അറഫാത്ത് അഭിസംബോധന ചെയ്യുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. യേശുക്രിസ്തുവിന്റെ ജന്മസ്ഥലം സന്ദർശിക്കുന്നതിന് തനിക്ക് വിലക്ക് ഏർപ്പെടുത്തിയ ഇസ്രയേലിന്റെ നടപടി ഗുരുതരമായ കുറ്റകൃത്യമാണെന്ന് അറാഫത്ത് പറഞ്ഞു.

യാസർ അറഫാത്തിന് വിലക്കേർപ്പെടുത്തിയ ഇസ്രയേൽ മന്ത്രിസഭയുടെ തീരുമാനത്തെ ഇസ്രയേലിലെ ജൂത മതാചാര്യന്മാരുടെ തലവനായ ഇസ്രയേൽ മീർലാവു ചോദ്യം ചെയ്തു. മതപരമായ കാര്യങ്ങളിൽ അറഫാത്തിന്മേൽ ഉപരോധം ഏർപ്പെടുത്തുന്നത് നീതികരിക്കാനാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതായി ഇസ്രയേൽ റേഡിയോ റിപ്പോർട്ട് ചെയ്തു. ഈ നടപടി യാസർ അറഫാത്തിന് ജനപിന്തുണ വർധിപ്പിക്കുമെന്നും ഇസ്രയേലിന്റെ പ്രതിഛായയ്ക്ക് കളങ്കമേൽക്കുമെന്നും ജൂത പുരോഹിത നേതാവ് അഭിപ്രായപ്പെട്ടപ്പോൾ ഇസ്രയേലിന്റെ പ്രതിഛായയ്ക്ക് വലിയ തകരാറൊന്നും ഇതുകൊണ്ട് സംഭവിക്കില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്.

അതേ സമയം ബേത്ലഹേമിൽ നടന്ന ക്രിസ്തുമസ് പാതിരാകുർബാനയിൽ പങ്കെടുക്കാൻ യാസർ അറഫാത്തിനായില്ലെങ്കിലും അദ്ദേഹത്തിന്റെ കസേര അവിടെ ഒഴിച്ചിടുകയും അറഫാത്തിന്റെ ശിരോവസ്ത്രം പ്രതീകാത്മകമായി കസേരയിൽ പ്രതിഷ്ഠിച്ചുകൊണ്ട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

അതിനിടെ ഇസ്രയേൽ ടൂറിസം മന്ത്രി രെഹാവം സീവിയുടെ ഘാതകരെ അറസ്റ്റ് ചെയ്യാത്തിടത്തോളം കാലം ഫലസ്തീൻ നേതാവ് യാസർ അറഫാത്തിനെ വെസ്റ്റ്ബാങ്ക് പട്ടണമായ രാമല്ല വിട്ടുപോകാൻ അനുവദിക്കില്ലെന്ന് ഇസ്രയേലി പരിസ്ഥിതിമന്ത്രി സാഹി ഹാനെഗ്ബി പറഞ്ഞതായി ഇസ്രയേലി റേഡിയോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇസ്രയേലി മന്ത്രിയുടെ ഘാതകരും പോപ്പുലർ ഫ്രണ്ട് ഫോർ ദി ലിബറേഷൻ ഓഫ് ഫലസ്തീൻ എന്ന സംഘടനയിലെ അംഗങ്ങളുമായ ഹംദികുറാൻ, ബെസൽ അസ്മാർ എന്നീ കുറ്റവാളികൾ ഫലസ്തീനി ഭരണകൂടത്തിന്റെ സഹായത്തോടെ രാമല്ലയിൽ ഒളിവിൽ കഴിയുകയാണെന്നാണ് ഇസ്രയേൽ ആരോപിക്കുന്നത്. കഴിഞ്ഞമാസം നിരവധി ജൂതന്മാരുടെ മരണത്തിനിടയാക്കിയ ഫലസ്തീനി മനുഷ്യബോംബാക്രമണങ്ങളുടെ തിരിച്ചടിയായി ഇസ്രയേൽ സേന നടത്തിയ ആക്രമണത്തിൽ അറഫാത്തിന്റെ ഹെലികോപ്റ്ററുകൾ തകർക്കപ്പെടുകയും അദ്ദേഹത്തിന്റെ യാത്രാമാർഗ്ഗങ്ങൾ അടയ്ക്കുകയും ചെയ്തിരുന്നു. ഡിസംബർ രണ്ടിന് നടന്ന ഈ ആക്രമണത്തിന് ശേഷം രാമല്ല വിട്ടുപോകാൻ അറഫാത്തിന് കഴിഞ്ഞിട്ടില്ല.


ഗ്രീക്ക് ഓർത്തഡോക്സ് സഭാ കലണ്ടർ പ്രകാരമുള്ള ക്രിസ്മസ് ആഘോഷം ജനുവരി ഏഴിനാണ്. അന്നും ബേത്ലഹേം തീർത്ഥാടനം അറഫാത്തിനു പതിവുള്ളതാണ്. ഈ തീർത്ഥാടനത്തിനും ഇത്തവണ വിലക്കു ബാധകമാണെന്ന് ഇസ്രയേൽ വ്യക്തമാക്കി.



# പാവന സ്മരണയ്ക്ക്

## 16-ാം ചരമദിനം (1-1-2002)

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"



## എം. എസ്. ഉമ്മൻ (കുഞ്ഞച്ചൻകുട്ടി)

**മണ്ണിൽ കിഴക്കേതിൽ (മേമുറിയിൽ)**

**അടച്ചാക്കൽ, കോന്നി.**

*By Sorrowing Family*

**ഭാര്യ : തങ്കമ്മ ഉമ്മൻ**

| മക്കൾ | മരുമക്കൾ |
|---|---|
| സ്ക്കറിയ ഉമ്മൻ (കുഞ്ഞുമോൻ) | അന്നമ്മ (കുഞ്ഞുമോൾ) |
| ഉമ്മൻ വറുഗീസ് (തങ്കച്ചൻ) | മോളി വറുഗീസ് |
| സണ്ണിക്കുട്ടി ഉമ്മൻ (പൊന്നച്ചൻ) | സിസിലി സണ്ണി |


**കൊച്ചു മക്കൾ**

ലത, യോഹൻ, ബിന്ദു, ബിനു, മാർട്ടിൻ, മൻജു


*(എല്ലാവരും യു. എസ്. എ.)*

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2001
THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038

*For Favours Received*









Mathews Tharakan & Family
Vengazhiyil
Thiruvananthapuram-4

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38
CHIEF EDITOR /FR. DR. JACOB KURIAN. RS. 5/-